## അദ്ധ്യായം നാല്

# ഭവന ആലയങ്ങൾ (സഭകൾ)

### (House Churches)

ഹൗസ്ചർച്ച് എന്ന് കേൾക്കുമ്പോൾ ജനങ്ങളിൻ തെറ്റിദ്ധാരണയു ാകുന്നു. അതായത് ഹൗസ്ചർച്ചും പാരമ്പര്യ സഭയും (Institutionalised Churches) തമ്മിൽ അതിന്റെ വലിപ്പത്തിലും, ശുശ്രൂഷയിലും വ്യത്യാസമു് എന്ന ഒരു ധാരണ അവരിലുാകുന്നു. പാരമ്പര്യ ദേവാലയങ്ങൾ കെട്ടിലും മട്ടിലും വലിപ്പമുള്ളതും വലിയ ശുശ്രൂഷകൾ നടത്താനുള്ളതുമാണ്. വലിയ ആരാധനാലയങ്ങളിൽ നടത്തപ്പെടുന്നതുപോലുള്ള കേമമായ ശുശ്രൂഷകൾ ഭവനാലയങ്ങളിൽ നടത്തപ്പെടുന്നില്ല എന്നും പരക്കെ ധാരണയു്. എന്നാൽ ശിഷ്യന്മാരെ വാർത്തെടുത്ത് ക്രിസ്തുവിനെപ്പോലെ ശുശ്രൂഷക്ക് ശക്തന്മാരാക്കി നിലനിർത്തുന്നതിൽ ഭവന ആലയങ്ങൾ മുൻപ ന്തിയിലാണെന്ന് കാണാം. ബഹുവിധ പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഭവന ആലയങ്ങൾക്ക് പരിമിതിയുങ്കെിലും, ശരിയായ ശുശ്രൂഷ ചെയ്യുന്നതിൽ ഭവന ആലയങ്ങൾ മുൻപന്തിയിൽ തന്നെയാണ്.

ചിലർ ഭവന ആലയങ്ങളെ യഥാർത്ഥ ആലയങ്ങളായി കണക്കാക്കുന്നില്ല, വലിയ കെട്ടിടങ്ങളില്ലാത്തതുതന്നെയാണ് ഇതിന് കാരണം. ഇക്കൂട്ടർ സഭയുടെ ആരംഭ കാലത്ത് 300 വർഷത്തിനിടയിൽ ജീവിച്ചിരുന്നെങ്കിൽ ഒരു ആലയത്തെ പോലും അവർ സഭയായി അംഗീകരിക്കയില്ലായിരുന്നു. എന്നാൽ ക്രിസ്തു പറഞ്ഞു. രോ മൂന്നോ പേർ എന്റെ നാമത്തിൽ എവിടെ കൂടിയാലും ഞാൻ അവരുടെ നടുവിലു് ˝ (മത്താ 18:20). വിശ്വാസികൾ എവിടെ കൂടണമെന്നതിനെകുറിച്ച് യേശു ഒന്നും പറഞ്ഞിട്ടില്ല. രുവിശ്വാസികളെ ഉള്ളു എങ്കിലും, അവർ യേശുവിന്റെ നാമത്തിലാണ് കൂടുന്നതെങ്കിൽ അവന്റെ സാന്നിദ്ധ്യം അവരുടെ നടുവിലു്. യേശുവിന്റെ ശിഷ്യന്മാർ എന്താണ് ചെയ്തത്, അവർ ഭക്ഷണ ശാലകളിൽ ഭക്ഷണം പങ്കു വെയ്ക്കുമ്പോൾ പോലും സുവിശേഷം പകർന്നു കൊടുത്തു, അവർ പുതിയനിയമസഭകളുടെ മാതൃക നിലനിർത്തി. വാരാന്ത്യത്തിൽ പ ള്ളികെട്ടിടങ്ങളിൽ നടത്തപ്പെടുന്ന ഞായറാഴ്ച കൂട്ടായ്മകൾ അന്നു ായിരുന്നില്ല.

പാരമ്പര്യആലയങ്ങളേക്കാൾ, ഭവനആലയങ്ങൾക്കുള്ള പ്രധാന്യം കഴിഞ്ഞ അദ്ധ്യായത്തിൽ സൂചിപ്പിച്ചിരിന്നു. ശിഷ്യന്മാരെ സമ്പാദിക്കുന്നതിന് ഈ ഭവന ആലയങ്ങൾ എപ്രകാരം പ്രയോജനപ്പെടുന്നു എന്ന് നോക്കാം. പ്രാരംഭമായി പറയട്ടെ, വലിയ ആരാധനാലയങ്ങളെയോ, പാസ്റ്റർമാരെയോ ഞാൻ കുറ്റപ്പെടുത്തുകയില്ല. തീർച്ചയായും പല പാസ്റ്റർമാരും വലിയ

ആരാധനാലയങ്ങളിൽ ദൈവനാമ മഹത്വത്തിനായി ശുശ്രൂഷചെയ്യുന്നു് എന്ന് എനിക്കറിയാം. ഞാനും അവിടെയൊക്കെ ശുശ്രൂഷിക്കയും അവരുടെ സ്നേഹഭാവങ്ങളെ അനുഭവിക്കയും ചെയ്യുന്നു്. അവർ സമൂഹത്തിലെ എറ്റവും നല്ലവരാണെന്ന് എനിക്കറിയാം. എന്നാൽ ആ ശുശ്രൂഷകർക്ക് തങ്ങളുടെ ഭാരം കുറച്ച് അല്പംകൂടി ശക്തമായി ശുശ്രൂഷ ചെയ്യാൻ കഴിയുമെന്ന് ഊഹിക്കുന്നു. ഭവന ആലയങ്ങൾ വചന പ്രകാരമുള്ളതും, ശിഷ്യന്മാരെ നേടുവാൻ പ്രാപ്തവും, തന്മൂലം ദൈവരാജ്യ വികസനത്തിന് പാര്യാപ്തവുമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഒരു ഭവന ആലയചുറ്റുപാടിൽ ശുശ്രൂഷിക്കുമ്പോൾ, ശുശ്രൂഷകർക്ക് വലിയ കെട്ടിടങ്ങളിൽ ഉള്ള ആലയങ്ങളിൽ ശുശ്രൂഷിക്കുന്നതിനേക്കാൾ സന്തോഷം ലഭിക്കുമെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഞാൻ ഇരുപതുവർഷം ശ്രേഷ്ടമായ രീതിയിൽ ശുശ്രൂഷചെയ്ത ഒരു പാസ്റ്റർ ആണ്. അനേകസഭകളിൽ ഞായറാഴ്ചയിലെ വിശുദ്ധാരാധനകളിൽ ഒരു സാധാരണക്കാരനെപ്പോലെ ഞാൻ പങ്കെടുത്തു. ഈ അനുഭവത്തിൽ നിന്നും അനേകർ ആലയങ്ങളിൽ പോകാൻ മടികാണിച്ചതിന്റെ രഹസ്യം എനിക്ക് ബോദ്ധ്യമായി. പാസ്റ്റർ ഒഴികെ എല്ലാവരും ശുശ്രൂഷ അവസാനിക്കണമെന്ന് താത്പര്യപ്പെടുന്നവരാണ്. ഒരു പങ്കാളി എന്ന രീതിയിൽ ഞാൻ ശുശ്രൂഷയിൽ പങ്കെടുത്ത അനേകരോടുസംസാരിച്ചു. ഈ അനുഭവ മാണ് ഭവന ആലയത്തിന്റെ മാതൃക എന്നിൽ ഉളവാക്കിയത്. ലോകത്ത് ലക്ഷക്കണക്കിന് ഹൗസ്ചർച്ചുകൾ പ്രവർത്തിക്കുന്നു എന്ന അറിവ് എന്നെ അത്ഭുതപ്പെടുത്തി. നിലവിലുള്ള നാമധേയ ആലയങ്ങളേക്കാൾ നേട്ടം കൈവരിക്കുവാൻ ഈ ആലയങ്ങൾക്ക് കഴിയുന്നു്.

ഈ പുസ്തകം വായിക്കുന്ന ഭൂരിപക്ഷം പാസ്റ്റർമാരും ഭവന ആലയത്തിന്റെ മേൽനോട്ടക്കാരല്ല എന്നെനിക്കറിയാം. ഞാൻ രേഖപ്പെടുത്തുന്ന ഈ ആശയങ്ങളോടു നിങ്ങൾക്ക് പൊരുത്തപ്പെട്ടുപോകുവാൻ കഴിയുകയില്ലായെന്നും അറിയാം, ഒരു രാത്രികൊ് ഈ ആശയത്തോടു പൊരുത്തപ്പെടാൻ സാദ്ധ്യമല്ല. എന്നാൽ ഇതിനോടുള്ള നിങ്ങളുടെ നിലപാട് ചിന്തയിലുടെയും ധ്യാനത്തിലൂടെയും വെളിപ്പെടട്ടെ എന്നു ഞാൻ ആശിക്കുന്നു. ആലയത്തേയും തങ്ങളെത്തന്നെയും സ്നേഹിക്കുന്ന ഒരുവിഭാഗം പാസ്റ്റർമാർക്ക് വേ ഞാൻ ഇത് എഴുതുന്നു.

## വചനപ്രകാരമുള്ള ഒരേ ഒരു സഭ
## (The Only Kind of Church in the Bible)

പ്രത്യേകം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സാമൂദായിക ആലയങ്ങൾ പുതിയ നിയമപ്രകാരം ഉള്ളതല്ല. എന്നാൽ ഭവനആലയങ്ങൾ സഭകളായി പ്രവർത്തിച്ചുപോന്നതായി കാണുന്നു.

ഇങ്ങനെ ഗ്രഹിച്ച ശേഷം അവൻ മർക്കോസ് എന്നുപേരുള്ള യോഹന്നാന്റെ അമ്മ മറിയയുടെ വീട്ടിൽ ചെന്നു. അവിടെ അനേകർ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചുകൊിരുന്നു.

പ്രയോജനമുള്ളത് ഒന്നും മറച്ചുവയ്ക്കാതെ, പരസ്യമായും വീടുതോറും നിങ്ങളോടു അറിയിക്കുകയും ഉപദേശിക്കുകയും ചെയ്തു (പള്ളികൾ തോറുമല്ല, വീടുകൾതോറും) (അ പ്ര: 20:20).

ക്രിസ്തുയേശുവിൽ എന്റെ പ്രിയകൂട്ടുവേലക്കാരായ പ്രിസ്ക്കയോടും അക്വിലാവെയും വന്ദനം ചെയ്യുവിൻ .... അവരുടെ വീട്ടിലെ സഭയേയും വന്ദനം ചെയ്യുവിൻ (റോമ 16:19). റോമർ 16:14-15ൽ രു ഭവന സഭകളെയും കാണുന്നു.

ആസ്യയിലെ സഭകൾ നിങ്ങളെ വന്ദനം ചെയ്യുന്നു. അക്വിലാവും പ്രിസ്ക്കയും അവരുടെ ഭവനത്തിലെ സഭയോടുകൂടെ കർത്താവിൽ നിങ്ങളെ വന്ദനം ചെയ്യുന്നു (1 കൊരി 16:19)

ലവുദിക്യയിലെ സഹോദരന്മാർക്കും നുംഫെയ്ക്കും അവളുടെ വീട്ടിലെ സഭയ്ക്കും വന്ദനം ചൊല്ലുവിൻ (കൊലൊ 4:15).

ഫിലമോൻ എന്ന നിനക്കും സഹോദരിയായ അപ്പിയെക്കും ഞങ്ങളുടെ സഹഭടനായ അർക്കിപ്പൊസിന്നും നിന്റെ വീട്ടിലെ സഭയ്ക്കും എഴുതുന്നതു (ഫിലെമോ. 2ാം വാക്യം).

പ്രാചീന സഭകൾ സഭാഹാളുകൾ (പള്ളികൾ) പണിയാതിരിക്കാൻ കാരണം സഭകൾ അതിന്റെ ശൈശവാവസ്ഥയിലായിരുന്നു എന്നൊരു വാദമുഖമു്. പുതിയ നിയമ ചരിത്രം പരിശോധിച്ചാൽ ഈ ശൈശവാവസ്ഥ ചില ദശാബ്ദങ്ങളോളം തുടർന്നുവന്നു എന്നു കാണാം. (ഇതിന് 2 നുറ്റാ ുകൾക്കുശേഷം). സഭാ സൗധങ്ങൾ പണിയുന്നത് സഭയുടെ വളർച്ചയുടെ അടയാളമാണെങ്കിൽ, അപ്പോസ്തലപ്രവൃത്തികളിൽ നാം വായിക്കുന്ന അപ്പോസ്തലന്മാരുടെ സഭകൾ ഒരിക്കലും വളർച്ച പ്രാപിച്ചിരുന്നില്ല എന്നു കരുതണം.

എന്റെ അഭിപ്രായത്തിൽ അപ്പോസ്തലന്മാർ സഭാ മന്ദിരങ്ങൾ (പള്ളികൾ) പണിയാതിരുന്നതിന്റെ കാരണം, അത് ദൈവത്തിന്റെ ഇച്ഛയല്ലായിരുന്നു. യേശു ഇതിന് ഒരു നിർദ്ദേശവും നൽകിയിരുന്നില്ല. യേശു ശിഷ്യന്മാരെ സമ്പാദിച്ചത് പ്രത്യേക കെട്ടിടങ്ങൾ ഉാക്കിയിട്ടല്ല. യേശു ശിഷ്യന്മാരോടു പറഞ്ഞു--നിങ്ങളും പോയി ശിഷ്യന്മാരെ നേടിക്കൊള്ളുവിൻ. അവർക്ക് പ്രത്യേക കെട്ടിടങ്ങളുടെ അവശ്യമുള്ളതായി തോന്നിയില്ല. ലോകത്തെല്ലായിടത്തും പോയി നിങ്ങൾ ശിഷ്യന്മാരെ ചേർത്തുകൊള്ളുവിൻ എന്ന് യേശു പറഞ്ഞപ്പോൾ, ശിഷ്യന്മാർ ഒരിക്കലും നാം വലിയ കെട്ടിടങ്ങൾ ഉാക്കി ആഴ്ചയിൽ ഒരിക്കൽ സുവിശേഷം പ്രസംഗിക്കുക എന്ന് വിചാരിച്ചില്ല.

കൂടാതെ പ്രത്യേക കെട്ടിടങ്ങൾ നിർമ്മിക്കുന്നത് കർത്താവിന്റെ കല്പനയെ നിഷേധിക്കലാണ് കാരണം ഭൂമിയിൽ നിങ്ങൾ ധനം നിക്ഷേപിക്കരുത്, നിങ്ങളുടെ പണം വൃഥാ ചെലവാക്കരുത്, ദൈവ രാജ്യത്തിന്റെ സ്രോതസുകളെ ചൂഷണം ചെയ്യരുത്, അത് ശുശ്രൂഷക്കായി ചിലവഴിക്കണം ഇതൊക്കെയാണ് കർത്താവിന്റെ അരുളപ്പാട്.

## വചനപരമായ കാര്യവിചാരകത്വം
## (Biblical Stewardship)

പാരമ്പര്യ സഭാ ആലയങ്ങളേക്കാൾ ഭവനാലയങ്ങൾക്കുള്ള രാമത്തെ നേട്ടം ഇതാണ്. ശിഷ്യത്വത്തിനുായിരിക്കേ[14] ദൈവിക കാര്യവിചാരകത്വം എന്ന ശ്രേഷ്ഠത ഭവന ആലയം നിലനിർത്തുന്നു എന്നത് ശ്ലാഘനീയമാണ്. ആരാധനാലയങ്ങളെ, സ്വന്തമാക്കുക, വാടക നൽകുക, അറ്റകുറ്റപണികൾ ചെയ്യുക, വികസിപ്പിക്കുക, പൊളിച്ചുപണിയുക, ചൂടു നിലനിർത്താനും തണുപ്പിക്കാനുമുള്ള സംവിധാനം ചെയ്യുക മുതലായവയെല്ലാം പ ാഴ്ചിലവാണ്. അപ്പൊ.പ്രവൃത്തിയിൽ പറഞ്ഞിരിക്കുന്നതുപോലെ ഇതിനു ചിലവിടുന്ന പണം പാവങ്ങൾക്ക് ഉണ്ണാനും ഉടുക്കാനും കൊടുക്കാം. സുവിശേഷം പ്രചരിപ്പിക്കാം. ശിഷ്യന്മാരെ നേടാം. പള്ളികൾ പ ണിതുകൂട്ടുന്നതിന് ചിലവിടുന്ന പണം ദൈവരാജ്യ വ്യാപ്തിക്കും അഗതികളെ സഹായിക്കാനും സുവിശേഷം പ്രചരിപ്പിക്കാനും, ചിലവിട്ടിരുന്നെങ്കിൽ എത്ര ശ്രേഷ്ഠമായിരുന്നു!

ഒരു ഭവന ആലയത്തിൽ ഏകദേശം ഇരുപതോളം പേർ മാത്രം ഉ ാകയുള്ളു. പക്വത ആർജ്ജിച്ച ഈ വിശ്വാസികൾ ഇടയൻ, മൂപ്പൻ, മേൽനോട്ടക്കാരൻ എന്ന സ്ഥാനം സ്വീകരിക്കുന്നു. എന്നാൽ ഇവർക്കാർക്കും സാമ്പത്തിക സഹായം ആവശ്യമായി വരുന്നില്ല. ഈ ചർച്ചിന്റെ പ്രവർത്തന ത്തിനും നിലനില്പിനും പണം ആവശ്യമില്ല എന്നാണ് ഇതിന്റെ വലിയനേട്ടം.

ഇടയന്മാർ, മൂപ്പന്മാർ, മേൽനോട്ടക്കാർ ഇവർക്ക് അവരുടെ അദ്ധ്വാന ത്തിന് പ്രതിഫലം ലഭിക്കണമെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു്. പ ൂർണ്ണസമയ ശുശ്രൂഷകർക്ക് അവരുടെ ജീവിത ഉപാധി ഇതുതന്നെ. നന്നായി ഭരിക്കുന്ന മൂപ്പന്മാരെ, പ്രത്യേകം വചനത്തിലും ഉപദേശത്തിലും അധ്വാനിക്കുന്നവരെ തന്നേ, ഇരട്ടി മാനത്തിന് യോഗ്യരായി എണ്ണുക (1 തിമോ 5:17–18). ഒരു ഭവന ആലയത്തിലുള്ള കൂലി ലഭിക്കുന്ന പത്തു വ്യക്തികളുടെ ദശാംശം കൊ് ശരാശരി ജീവിത നിലവാരത്തിൽ ഒരു പ ാസ്റ്റർക്ക് ജീവിക്കാൻ കഴിയും, ഒരു ഹൗസ്ചർച്ചിലുള്ള (ഭവന ആലയം) ദശാംശം കൊടുക്കുന്ന അഞ്ചു വ്യക്തികൾക്ക് ഒരു പാസ്റ്ററെ നിലനിർത്താൻ കഴിയും.

---

[14]. "Jesus on Money" under *Biblical Topics on the Home page of www.shepherdserve.org*

ഭവന ആലയ മാതൃകയെ പിൻതുടർന്ന്, കെട്ടിടങ്ങൾ ഉാക്കാൻ ചിലവിടുന്ന പണം, പാസ്റ്റർമാരെ നിലനിർത്താൻവേി വിനിയോഗിച്ചാൽ, അന വധിയായി പൊട്ടിമുളക്കുന്ന ഭവന ആലയങ്ങൾ പാസ്റ്റർമാരുടെ ജോലിക്ക് ഭീഷണിയായിരിക്കുകയില്ല.[15] എന്നാൽ ദൈവം പുരുഷന്മാരേയും സ്ത്രീകളേയും ശുശ്രൂഷകരായി വിളിച്ചിരിക്കുന്നു എന്ന ബോധം അവരിൽ ഉളവാക്കാൻ ഈ ഹൗസ്ചർച്ച്സ് സഹായകരമാകും.[16]

ആവശ്യാനുസരണം ശിഷ്യന്മാരെ വാർത്തെടുക്കാനും ഹൗസ് ചർച്ചസിന് കഴിയും. അദ്ധ്വാനിക്കുന്ന 30 പേരുടെ വരുമാനത്തിന്റെ പ കുതികൊ് പാവപ്പെട്ടവർക്ക് സുവിശേഷം എത്തിക്കുവാനും കഴിയും.

സാമുദായിക ആലയങ്ങൾ ഭവനസഭാ ആലയങ്ങളുമായി സംയോജിക്കപ്പെട്ടാൽ സാമൂദായിക ആലയങ്ങളുടെ ഘടന വ്യത്യസ്ഥമായതു കൊ് യോജിച്ചുപോകയില്ല. ഭരണപരമായ, ശുശ്രൂഷയുടെ വിവിധ ഭാഗങ്ങളുമായി (ശിശുക്കളുടെ, യുവാക്കളുടെ ശുശ്രൂഷ വിഭാഗം) ഭവനആലയങ്ങൾക്ക് യോജിക്കാൻ സാധ്യമല്ല കാരണം ഇത്തരം ശുശ്രൂഷകർക്ക് വചന പരിജ്ഞാനം കുറവാണ്. എന്നാൽ ഭവനസഭാആലയങ്ങൾ മറ്റേതിനേക്കാൾ വചനത്തിന് പ്രാധാന്യം നൾകുന്നു. തന്മൂലം ക്രൈസ്തവ സാംസ്കാരിക നിലവാരത്തെ നിലനിർത്താൻ സാമൂദായിക നിലവാരത്തെ നിലനിർത്താൻ സാമുദായിക ആലയങ്ങളെപ്പോലെ ഭവന ആലയങ്ങൾക്ക് താത്പര്യമില്ല. എന്തുകൊ് യുവ ശുശ്രൂഷകരെ അല്ലെങ്കിൽ കുട്ടികളുടെ പാസ്റ്റർമാരെ പുതിയ നിയമത്തിൽ പ്രതിപാദിച്ചിട്ടില്ല എന്ന് ആരെങ്കിലും ചോദ്യം ചെയ്യുമോ? ക്രിസ്തീയ സഭ ഉ ായി 1900 വർഷംവരെ അങ്ങനെ ഉായിരുന്നില്ല, പിന്നെന്ത് ഇപ്പോൾ ഇത് സഭയ്ക്ക്, പ്രത്യേകിച്ച് ധനികരായ പാശ്ചാത്യ സംസ്കാരമുള്ള രാജ്യങ്ങൾക്ക്, ഒരത്യാവശ്യഘടകമായിമാറി?[17]

അവസാനമായി, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന രാജ്യങ്ങളിലെ പാസ്റ്റർമാർക്ക്, ആരാധന ആലയം സ്വന്തമായി ഉാക്കാനോ,

---

15 . ഇത് മൗലികമാണെന്ന് തോന്നാമെങ്കിലും, പള്ളിക്കെട്ടിടങ്ങൾ ആവശ്യമായിരിക്കുന്നതിന്റെ പ്രധാനകാരണം സഭാആലയങ്ങളെ പരിപാലിക്കാനുള്ള ശുശ്രൂഷകന്മാരുടെ അഭാവമാണ്. സാമുദായിക ആലയങ്ങൾ ആവശ്യമായ ശിഷ്യഗണത്തെ വാർത്തെടുക്കുന്നതിൽ തികച്ചും പരാജയപ്പെട്ടിരിക്കുന്നു. സാമൂദായിക ആലയങ്ങൾ ദൈവവിളിയുള്ള ശുശ്രൂഷരെ അവരുടെ പരിധിക്കുള്ളിൽ ഒതുക്കി നിർത്തുന്നതാണോ പരാജയത്തിന് കാരണം. അതെ.

16 . യേശു പരിപാലിച്ച 12 ശിഷ്യന്മാരേയോ, മോശ ഏർപ്പെടുത്തിയ 10 പേർക്ക് ഒരധിപൻ എന്ന വ്യവസ്ഥയേയോ ഇന്നത്തെ പാസ്റ്റർമാർ പാലിക്കുന്നില്ല. അവർക്ക് പാലിക്കുവാൻ കഴിയുന്നതിലുപരി ശിഷ്യന്മാരെ ഒരു ഇടയൻ പരിപാലിക്കുന്നു.

17 . എന്തുകൊ് സീനിയർ പാസ്റ്റർ, അസോസിയേറ്റ് പാസ്റ്റർ, അസിസ്റ്റന്റ് പാസ്റ്റർ എന്നൊക്കെ വചനത്തിൽ പ്രതിപാദിച്ചിട്ടില്ലായെന്ന് നാം ചോദ്യം ചെയ്യണം. ആധുനിക സഭയിൽ അത്യാവശ്യമായ ഇത്തരം പാസ്റ്റർമാരുടെ കൂട്ടം ഏകദേശം 20 പേർ മാത്രമടങ്ങുന്ന ഒരു ഭവന ആലയത്തിനില്ല.

വാടകക്ക് നടത്താനോ പാശ്ചാത്യദേശ വിശ്വാസികളുടെ സഹായമില്ലാതെ സാദ്ധ്യമല്ല. ഈ ആശ്രിത ഭാവത്തിന് നിരവധി പാളിച്ചകൾ ഉ്. 300 വർഷങ്ങൾക്ക് മുമ്പ് ഉാകാതിരുന്ന ഒരു പ്രശ്നം, അതായത് ഒരു ദരിദ്ര രാജ്യത്തിലെ പാസ്റ്റർ ആയ നിങ്ങൾക്ക് സഭാ ആലയത്തിനും മറ്റും ആവശ്യമായ ധനസമ്പാദനത്തിന് ഒരു അമേരിക്കക്കാരനെ മുഖസ്തുതി പ റഞ്ഞ് സ്വാധീനിക്കേ ആവശ്യമില്ലായിരുന്നു. ദൈവം നിങ്ങളുടെ പ്രശ്നം പ രിഹരിച്ചിരുന്നു. ശിഷ്യന്മാരെ നേടാൻ ഒരു സഭാ കെട്ടിടം ആവശ്യമായിരുന്നില്ല. വേദപുസ്തക മാതൃകയെ പിൻപറ്റിയാൽ മതിയായിരുന്നു.

## ശിഥിലീകരിക്കപ്പെട്ട കുടുംബങ്ങളുടെ അന്ത്യം
## (The End of Fragmented Families)

കുട്ടികളേയും, യുവാക്കളേയും അച്ചടക്കത്തിൽ വളർത്താൻ കഴിയുന്നു എന്നത് ഹൗസ് ചർച്ചിന്റെ ഒരു നേട്ടമാണ്. സമുദായിക സഭകൾ കുട്ടികൾക്കും, യുവാക്കൾക്കും നല്ല ശുശ്രൂഷകൾ നടത്തുന്ന്, എന്നാൽ അനേക വർഷം ഈ ശുശ്രൂഷകളിൽ ഭാഗവാക്കായ കുട്ടികളും, യുവാക്കളും, അവരുടെ കൂടുവിട്ട് ആലയത്തിൽ എത്തുന്നില്ല. (ഒരു പാസ്റ്ററോടു ചോദിച്ചാൽ ഈ കണക്ക് അദ്ദേഹത്തിന് അറിയാൻ കഴിയും).

യുവപാസ്റ്റർമാരും, കുട്ടിപാസ്റ്റർമാരും ശുശ്രൂഷിക്കുന്ന സഭകൾ കുട്ടികളുടെ ആത്മിക പരിശീലനത്തിന് യോഗ്യമല്ലായെന്ന് അവരുടെ മാതാപിതാക്കളെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു-- നിങ്ങളുടെ കുട്ടികളെ ആത്മിക പക്വതയുള്ളവരാക്കാൻ ഞങ്ങൾക്ക് കഴിയും, കാരണം ഞങ്ങൾ ഈ മേഖലയിൽ അതിന് പ്രാപ്തരാണ്.

വിട്ടുവീഴ്ചക്ക് വിധേയപ്പെടുന്നതിനാൽ ഇവിടെ പരാജയത്തിന്റെ ഒരു പരമ്പരതന്നേ കാണാം. തങ്ങളുടെ കുട്ടികൾക്ക് സന്തോഷം പകരുന്ന ഒരു സഭ കത്തെുവാൻ മാതാപിതാക്കൾ തയ്യാറാകുന്നു. കൗമാര പ്രായക്കാരനായ ജോണി, തനിക്ക് വേുവോളം തമാശയും സന്തോഷവും ആലയത്തിൽ നിന്നുലഭിച്ചു എന്ന് മാതാപാതാക്കളോടു പറയുമ്പോൾ അവർക്ക് അത് വളരെ സന്തോഷകരമാകുന്നു. കാരണം മാതാപിതാക്കൾ തന്റെ മകനു ലഭിച്ച സ ന്താഷം ആത്മീക അനുഭവമായി തെറ്റിദ്ധരിക്കുന്നു.

വിജയിയായ സീനിയർ പാസ്റ്റർ തന്റെ സഭയെ വളർത്തുവാൻ ആഗ്രഹിക്കുന്നു. കുട്ടികളെ രസിപ്പിക്കുന്ന യുക്തവും, യോഗ്യവുമായ പ രിപാടികൾ മാത്രമേ സംഘടിപ്പിക്കാൻ പാടുള്ളു എന്ന് സമ്മർദ്ദം ഉാകുമെന്ന് ഭയപ്പെടുന്നതുകൊ് സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുക്കാൻ യുവാക്കളും, യുവ പ ാസ്റ്റർമാരും താത്പര്യപ്പെടുന്നില്ല. (ഉചിതമായത് എന്നത്, തമാശ (രസിപ്പിക്കുക) എന്നതിന്റെ രാംതരമാണ്. ഉചിതം എന്നതുകൊ് അർത്ഥമാക്കുന്നത് - കുട്ടികളെ അനുതാപത്തിലുടെ വിശ്വാസത്തിലേക്കു നയിച്ച യേശുവിന്റെ കല്പനകൾ അനുസരിക്കുക എന്നല്ല). കാര്യ പ

രിപാടികളിൽ പങ്കെടുക്കുന്ന കട്ടികളുടെ നിഷ്കളങ്കരായ മാതാപിതാക്കൾ പണം ചെലവിടുന്നതുമൂലം സഭ വളരുന്നു.

യുവാക്കളുടെ കൂട്ടം വിജയം കാണുന്നത് അംഗസംഖ്യയിലാണ്. യുവ ശുശ്രൂഷകന്മാർ അംഗബലം കൂട്ടാൻ എന്തു പൊടിക്കയ്യും പ്രയോഗിക്കും. സീനിയർ പാസ്റ്റർമാരുടെ ശുശ്രൂഷയിൽ തന്റെ കുട്ടികൾ വിരസത അനുഭവിച്ചു എന്ന് മാതാപിതാക്കൾ നീരസ്സപ്പെടുമ്പോൾ ഈ കുട്ടിപാസ്റ്റർമാർ സീനിയർ പാസ്റ്റർമാരുടെ പ്രവർത്തിയിൽ പരിഹാസേന അനുകമ്പകാണിക്കുന്നു.

എന്നാൽ ക്രിസ്തുവാകുന്ന സഭയുടെ അംഗമായ ഈ യുവപാസ്റ്റർമാർ ഹൗസ് ചർച്ചിന്റെ നേതൃത്വ സ്ഥാനത്തേക്ക് വന്നാൽ എന്തനുഗ്രഹമായിരിക്കും. യുവത്വത്തിന്റെ ഊർജ്ജവും സ്വതസിദ്ധമായ നൈപുണ്യവും അവർക്കു്. സീനിയർ പാസ്റ്റർമാരായി നിലനില്ക്കാൻ ആവശ്യമായ, നൈപുണ്യം ആർജ്ജിക്കുവാൻ ഈ പടിയിൽ തുടരണമെന്ന് അവർ മനസിലാക്കിയിരിക്കുന്നു. ഇവരിൽ മിക്കവരും ഒരു ഹൗസ് ചർച്ച് പരിപാലിച്ചു നടത്തുന്നതിനുപരി കഴിവുള്ളവരാണ്. അവരുടെ യുവസംഗമവേദികളിൽ ബൈബിൾ മാതൃകക്ക് ആധാരമായ പലതും അവർ ചെയ്യുന്നു. അതുപോലെതന്നെയാണ് കുട്ടികളുടെ ശുശ്രൂഷകരുടെ കാര്യവും. അവർ ഒരു സീനിയർ പാസ്റ്ററുടെ കാഴ്ചപ്പാടുകൾക്ക് മൈലുകൾ അകലത്തിലാണ്. അവർക്ക് കുട്ടികളുമായി ഇടകലർന്നു പല നല്ലകാര്യങ്ങളും ചെയ്യുവാനുള്ള അവസരമു്.

കുട്ടികൾക്ക് ഹൗസ്ചർച്ചുകളിൽ കുടുതൽ വിശ്വാസജീവിതത്തിൽ തുടർന്നു പോകാൻ കഴിയും കാരണം അവിടെ അവർക്ക് പങ്കെടുക്കാനും, ചോദ്യങ്ങൾ ചോദിക്കാനും സമപ്രായക്കാരോടു സമ്പർക്കം നടത്താനും, ഒരു ക്രിസ്തീയ കൂടുബത്തിലെ അംഗങ്ങളെപ്പോലെ പ്രവർത്തിക്കാനും കഴിയും. എന്നാൽ സാമുദായിക ആലയങ്ങളിൽ (കിശേഔശേീമഹശലെ ഇവൗൃരവലെ) ഇത് വെറും പ്രകടനമായി മാത്രം തീരുകയും കപടഭക്തിയുടെ ഒരു മാർഗ്ഗരേഖയായി മാറുകയും, സ്കൂളിൽ സഹപാഠികളിൽ നിന്നും ലഭിക്കുന്നപോലുള്ള ഒരു ശൈലിയിൽ ഒതുക്കപ്പെടുകയും ചെയ്യുന്നു.

പ്രായവ്യത്യാസമില്ലാത്തവരുടെ സമൂഹത്തിൽ ഒന്നിച്ചിരുന്നു കരയുന്ന കുട്ടികൾക്കും, വിരളിപിടിച്ച് ബഹളംവക്കുന്ന കുഞ്ഞുങ്ങൾക്കും എന്ത് പരിഗണനയാണ് ലഭിക്കുന്നത്? കുട്ടികൾക്ക് എപ്പോഴും രസിക്കണം. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ, പ്രായോഗികമായ നിലപാടുകൾ എടുക്കപ്പെടണം. ഉദാഹരണത്തിന് ഈ കുട്ടികളെ അടുത്ത മുറിയിൽ കൊപോയി കളർ ചെയ്യാൻ ആവശ്യമായ ക്രയോൺസ് കൊടുത്തോ, തറയിൽ വരക്കാൻ അനുവദിച്ചോ ഇത് പരിഹരിക്കാം. ഒരു ഹൗസ് ചർച്ചിൽ ഈ കുട്ടികൾ ഒരു വിഷയമല്ല. ഒരു നഴ്സറിയിൽ അവർ പരിപാലിക്കപ്പെടുമ്പോൾ അവർക്ക് പ്രശ്നമേയില്ല. ഒരു സാമുദായിക സഭയിൽ ഒരു കുഞ്ഞ് കരയുമ്പോൾ, അത് സഭാ ശുശ്രൂഷക്ക് തടസ്സമാകുന്നു, അപരിചിതരുടെ

തുറിച്ചുനോട്ടം, കുട്ടികളെയും മാതാപിതാക്കളേയും കൂടുതൽ അസ്വസ്തരാക്കുന്നു. എന്നാൽ ഹൗസ് ചർച്ചിന്റെ സ്ഥിതി വ്യത്യസ്തമാണ്. അവിടെ കരയുന്ന ഒരുകുട്ടിക്ക് അപരിചിതത്ത്വത്തിന്റെ മുഖങ്ങളില്ല, എല്ലാവരും പരിചയമുള്ളവർ, കൂടാതെ ഈ കുഞ്ഞിനെ ഏവരും ദൈവത്തിന്റെ ഒരു ദാനം എന്ന രീതിയിൽ മാത്രമെ പരിഗണിക്കുകയുള്ളു.

മാതാപിതാക്കളുടെ നിയന്ത്രണത്തിന് വിധേയമല്ലാത്ത കുട്ടികൾ മറ്റു മാതാപിതാക്കളുടെ മാതൃകയെ അവലംബിക്കുന്നത് നന്നായിരിക്കും. വിശ്വാസികൾക്ക് വ്യക്തമായ പരിചരണ ബന്ധമു്. അവർ പരസ്പരം അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നു.

## സന്തുഷ്ടനായ പാസ്റ്റർ
## (Happy Pastors)

ര് ദശാബ്ദത്തോളം സഭാശുശ്രൂഷയിൽ ആയിരുന്നതു കൊും ലോകത്തിലുള്ള നൂറായിരക്കണക്കിന് ശുശ്രൂഷകരോടു ഇടപഴകിയതുകൊും, അനവധി ശുശ്രൂഷകർ സുഹൃത്തുക്കൾ ആയിരിക്കുന്നതുകൊൂം, ഒരു ആധുനീക സഭയുടെ ശുശ്രൂഷക്ക് ആവശ്യമായത് എന്തെന്ന് എനിക്കറിയാമെന്നു ഞാൻ കരുതുന്നു. ശുശ്രൂഷയുടെ ഇരുവശത്തെക്കുറിച്ച് എനിക്ക് അനുഭവമു്. ഇത് വളരെ ഇരുതാകാം - ഇരുത് എന്നതിനേക്കാൾ മൃഗീയം എന്ന് പറയുന്നതായിരിക്കും കൂടുതൽ ശരി.

പല ശുശ്രൂഷകരും (പാസ്റ്റർ) അനുഭവിക്കുന്ന പോരാട്ടങ്ങൾ കുടുംബ ബന്ധത്തെ പോലും തകർക്കുന്നതാണ്. പല സമ്മർദ്ദങ്ങളും ഒരു പാസ്റ്ററെ പലവിധത്തിൽ തളർത്തുന്നതാകാം. രാഷ്ട്രീയം, നീതിന്യായം, തൊഴിലുടമകൾ, മനഃശാസ്ത്രജ്ഞന്മാർ, സംഘടനാനേതാക്കൾ, കോൺട്രാക്ടർമാർ, വിവാഹ ദല്ലാളന്മാർ, പൊതു പ്രവർത്തകർ മാനേജർമാർ, ഭരണാധികാരികൾ തുടങ്ങിയവർ ഇക്കൂട്ടത്തിൽപ്പെടുന്നു. പലപ്പോഴും ക്രിസ്തുവാകുന്ന സഭയുടെ ശ്രേഷ്ടമായ അംശത്തിനു വേി മറ്റുപാസ്റ്റർമാരുമായി കടുത്ത പോരാട്ടത്തിൽ ഏർപ്പടേിവരും. വ്യക്തിപരമായ ആത്മിക നേട്ടത്തിന് സമയം ലഭിക്കാതെവരാം. അഭിരുചിക്കനുസരിച്ച് പ്രവർത്തിക്കാനോ ആവശ്യങ്ങൾ നിറവേറ്റാനോ കഴിയാതെ വരാം. കൂട്ടായ്മ തന്നെയാണ് തൊഴിൽ ദാദാവും, ഉപഭോക്താവും. ഇതുതന്നെ ജീവിതത്തെ ദുഃസഹമാക്കിയെന്നുവരാം.

ഹൗസ് ചർച്ച് പാസ്റ്റർക്ക് താരതമ്യേന പ്രയാസം കുറവാണ്. ഒന്നാമതായി, ഒരു യഥാർത്ഥ ശിഷ്യന്റെ രൂപത്തിൽ യേശുവിന്റെ കല്പനകളെ കർശനമായി അനുസരിക്കണമെന്ന് പാസ്റ്റർ നിർബ്ബന്ധിച്ചാൽ, കോലാടുകൾക്ക് നില്കുവാൻ താത്പര്യം ഉാകയില്ല. പലരും പിൻമാറും. അതുകൊ് കോലാടുകളല്ല, ചെമ്മരിയാടുകളാണ് ഒരു ഹൗസ് ചർച്ചിൽ ഇടയനു പരിപാലിക്കാൻ ലഭിക്കുന്നുത്.

രാമതായി, ആടുകളുടെ എണ്ണം 12 നും 20 നും ഉള്ളിൽ ഒതുങ്ങുന്നതുകൊ് ഹൗസ് ചർച്ചിലെ പാസ്റ്റർക്ക് അവരെ സ്നേഹിക്കുവാനും, വ്യക്തിപരമായി ഒരു കുടുംബനാഥനെ പോലെ ബന്ധം സ്ഥാപിക്കുവാനും കഴിയും. ഞാൻ ഒരു പാരമ്പര്യ സഭാ പാസ്റ്റർ (Institutional Pastor) ആയിരുന്നപ്പോൾ എനിക്ക് ഏകാന്തത അനുഭവപ്പെട്ടിരുന്നു. എന്റെ വിശ്വാസികളുമായി ഒന്ന് അടുത്ത് ഇടപഴകാനും സൗഹൃദം സ്ഥാപിക്കാനും ഞാൻ ആഗ്രഹിച്ചു പോയിട്ടു്. എന്നാൽ എനിക്ക് അതിന് കഴിഞ്ഞിരുന്നില്ല.

ഒരു ഹൗസ് ചർച്ചിൽ പാസ്റ്റർ കുടുംബാംഗങ്ങളിൽ ഒരുവനെ പോലെയാണ്, തന്മൂലം അവരുടെ അടുത്ത സുഹൃത്തിനെപ്പോലെയാണ് പ ാസ്റ്റർ. ഒരിക്കലും താൻ ഒരു സ്റ്റേജ് ആക്ടർ ആയി തരം തിരിക്കപ്പെടുന്നില്ല.

ഹൗസ് ചർച്ചിലെ പാസ്റ്റർക്ക് നേതൃസ്ഥാനത്തേക്ക് യോഗ്യരായ നേ താക്കളെ പരിശിലിപ്പിക്കാനും, അവസരം വരുമ്പോൾ മറ്റൊരു ഹൗസ് ചർച്ച് രൂപപ്പെടുത്തുന്നതിനും കഴിയും. ബൈബിൾ സ്കൂളിൽ നിന്നോ മറ്റേതെങ്കിലും സ്ഥാപനത്തിൽനിന്നോ പരിശീലനം നേടുന്നതുവരെ കാത്തിരിക്കേി വരികയില്ല.

മാതൃസഭക്ക് വെളിയിൽ മറ്റൊരു കൂട്ടായ്മ രൂപപ്പെടുത്തി എടുക്കുവാൻ കഴിയും. ജയിലിലെ ശുശ്രൂഷക്കും, അഭയാർത്ഥികളോടും, വ്യവസായികളോടും സുവിശേഷം പറയുക ഇതിനൊക്കെ സമയവും സന്ദർഭവും ലഭിക്കും. പരിചയത്തിന്റെ വെളിച്ചത്തിൽ മറ്റു ചെറിയ ശുശ്രൂഷകന്മാരെ വാർത്തെടുത്ത് മറ്റൊരു ഹൗസ് ചർച്ച് നടത്താനുള്ള നടത്തിപ്പുകാരെ രൂപപ്പെടുത്താൻ കഴിയും.

വിശുദ്ധദിവസം പ്രഭാതത്തിലെ ഒരു അഭിനേതാവായിത്തീരാനുള്ള സമ്മർദ്ദത്തിൽ ഏർപ്പെടേിവരികയില്ല. ശനിയാഴ്ച രാത്രിയിൽ ഒരു ത്രിമാനസന്ദേശം രൂപപ്പെടുത്തി, വ്യത്യസ്ത ആത്മീക നിലവാരമുള്ള വിശ്വാസികളെ എങ്ങിനെ സംതൃപ്തരാക്കുമെന്ന് ഭാരപ്പെടേതില്ല. പ രിശുദ്ധാത്മാവ് ഓരോ വ്യക്തികളിലും അവരുടെ ആത്മീക വരങ്ങളെ ജ്വലിപ്പിക്കുന്നത് നോക്കി സന്തോഷവാനായി[18] ആസ്വദിച്ചാൽ മതിയാകും. ആരാധനയുടെ ഉത്തരവാദിത്വം പരിശുദ്ധാത്മാവ് പൂർണ്ണമായി ഏറ്റെടുക്കുന്നതുകൊ് വ്യക്തിപരമായി ഒരദ്ധ്വാനം ആവശ്യമില്ല. ആരാധനക്ക്

---

[18] . ദൈവത്താൽ വിളിക്കപ്പെട്ട ക്രിസ്തുവിന്റെ വേലക്കാരനാണെങ്കിലും, പല പാസ്റ്റർമാരും ന ല്ല പ്രസംഗകരല്ല. പലരുടെയും പ്രസംഗങ്ങൾ അരോചകമാണ്, എപ്പോഴും അല്ലെങ്കിലും, ചിലപ്പോഴെങ്കിലും. എന്നാൽ ഇവരിൽ പലരും നന്നായി സംസാരിക്കുന്നവരാണ്, അവരുമായി സംഭാഷണത്തിൽ ഏർപ്പെടുമ്പോൾ നമുക്കത് മനസിലാക്കാൻകഴിയും. തന്മൂലം സംഭാഷണ രൂപത്തിലുള്ള ഹൗസ് ചർച്ച് മീറ്റിങ്ങുകൾ പലപ്പോഴും രസകരമാണ്. സമയം വളരെ വേഗത്തിൽ ഓടിപ്പോകും. സഭാ ആരാധനകളിലുള്ളതുപോലെ, വാച്ച് നോക്കുന്ന പ്രവണത ഇവിടെ ഇല്ല. ഹൗസ് ചർച്ച് പാസ്റ്റർമാർക്ക് മുഷിവ് ഉാകുമെന്ന ഭയപ്പാട് ലേശവും ഇല്ല.

വലിയ കെട്ടിടമോ നിയന്ത്രിക്കാൻ തൊഴിലാളികളോ ആവശ്യമില്ല. മറ്റു ലോക്കൽ പാസ്റ്റർമാരുമായി ഒരു മത്സരത്തിന്റെ ആവശ്യം ഉദിക്കുന്നുമില്ല.

ഒരു സഭാ സംഘടന ഇല്ലാത്തതുകൊ് അധികാരത്തിന്റെ വടംവലി അവിടെയില്ല.

ചുരുക്കത്തിൽ സാംസ്കാരിക ക്രൈസ്തവത്വത്തിന്റെ സ്വാധീനമില്ലാതെ ദൈവത്തിന്റെ പൂർണ്ണ നിയന്ത്രണത്തിൽ പ്രവർത്തിക്കാൻ പാസ്റ്റർക്ക് കഴിയുന്നു. ഭാരിച്ച ചുമതലയുള്ള ഒരു നായകന്റെയോ, പ്രസിഡന്റിന്റെയോ ഉത്തവാദിത്വം തോളിലേറ്റേ അവശ്യം പാസ്റ്റർക്കില്ല, മറിച്ച് താൻ യേശുവിന്റെ ശിഷ്യന്മാരെ വാർത്തെടുക്കുന്ന ഒരു വ്യക്തി, വിശുദ്ധന്മാരുടെ ഒരു സൃഷ്ടി കേന്ദ്രം എന്ന ബോധമേ പാസ്റ്റർക്ക് ഉാകയുള്ളു.

## സന്തുഷ്ടരായ ആടുകൾ
## (Happy Sheep)

വചനത്തിൽ പറഞ്ഞിരിക്കുന്ന ഹൗസ് ചർച്ച ആണ് ഒരു വിശ്വാസി യഥാർത്ഥത്തിൽ ആഗ്രഹിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നത്.

ദൈവസ്നേഹം ഹൃദയങ്ങളിൽ പകരപ്പെട്ടിരിക്കുന്നതുകൊ് എല്ലാവിശ്വാസികളും ശരിയായ ഒരാത്മബന്ധം പരസ്പരം കാംക്ഷിക്കുന്നു. ഈ ബന്ധമാണ് ഹൗസ്ചർച്ചിന്റെ ജീവനാഡി. പരസ്പരം പങ്കുവെക്കപ്പെടുന്ന കൂട്ടായ്മ എന്ന് വചനം നിർവചിച്ചിരിക്കുന്നത് ഇതിനെയാണ്. വിശ്വാസികൾ ചെയ്യേത് ചെയ്യുവാനുള്ള ചുറ്റുപാടുകൾ ഹൗസ് ചർച്ചിൽ ലഭിക്കുന്നു. ഇത് പുതിയ നിയമത്തിന്റെ പല താളുകളിലും -- പരസ്പരം എന്നു പ്രതിപാദിച്ചിരിക്കുന്നു. ഹൗസ് ചർച്ചിൽ, വിശ്വാസികൾക്ക് പരസ്പരം പ്രോത്സാഹിപ്പിക്കാനും, ശുശ്രൂഷിക്കാനും അവസരങ്ങളു്. കൂടാതെ പരസ്പരം ഉപദേശിക്കാനും, സ്നേഹിക്കാനും, നല്ല പ്രവർത്തികൾ ചെയ്യുവാനും, പശ്ചാത്തപിക്കാനും, ഭാരങ്ങൾ പരസ്പരം ചുമക്കാനും, സങ്കീർത്തനങ്ങളാലും, സ്തുതികളാലും, ആത്മീക ഗീതങ്ങളാലും പരസ്പരം ആശ്വസിപ്പിക്കാനും കഴിയും. കരയുന്നവരോടെപ്പം കരയാനും, സന്തോഷിക്കുന്നവരോടൊപ്പം സന്തോഷിക്കുവാനും കഴിയും. ഇതൊന്നും നിലവിലുള്ള പാരമ്പര്യ സഭാ ആരാധനകളിൽ സാധ്യമല്ല. ഒരു ഹൗസ് ചർച്ച് മെമ്പർ എന്നോടുപറഞ്ഞു: ഞങ്ങളുടെ സഭയിൽ ആരെങ്കിലും രോഗിയായാൽ, അപരിചിതനായ ഒരുവന് ആഹാരം നൽകുന്നതിനേക്കാൾ സഭയിലെ ഞാൻ അറിയുകയും സ്നേഹിക്കു കയും ചെയ്യുന്ന ആ രോഗിയായ വ്യക്തിക്ക് അത് നൽകുന്നു.

വിശ്വാസികൾ പരസ്പരം സൗഹൃദത്തിലും, പ്രവർത്തനത്തിലും ഏർപ്പെടുന്നു. പരസ്പരം ബന്ധമില്ലാതെ നാളുകളായി ശ്രവിച്ചുകൊിരിക്കുന്ന പ്രഭാഷണങ്ങൾ അവരുടെ ബുദ്ധിയേയും ആത്മികതയേയും

മരവിപ്പിക്കുന്നു. ദൈവത്തേയും വചനത്തെയും കുറിച്ച് ഒരുവന് ലഭിക്കുന്ന വ്യക്തിപരമായ കാഴ്ചപ്പാട് പങ്കുവക്കാനുള്ള അവസരം ഹൗസ് ചർച്ചുകളിൾ ലഭിക്കുന്നു. വചനാടിസ്ഥാനത്തിൽ പറഞ്ഞാൽ നിങ്ങൾകൂടിവരുമ്പോൾ ഓരോരുത്തന് സങ്കീർത്തനം ഉ്, വ്യാഖ്യാനം ഉ് (1 കൊരി 14:26) ഹൗസ് ചർച്ചിൽ ആരും അവഗണിക്കപ്പെടുന്നില്ല.

ശുശ്രൂഷക്കായി ദൈവംതന്നെ ഉപയോഗിക്കണമെന്ന് ഒരു വിശ്വാസി ആഗ്രഹിക്കുന്നു. ശുശ്രൂഷിക്കാനും, ശുശ്രൂഷഅനുഭവിക്കാനും ഉത്തവാദിത്വങ്ങൾ ഉൾക്കൊള്ളാനും ഹൗസ് ചർച്ചിൽ അവസരങ്ങൾ കൂടുതൽ ഉ്. വചനത്തിൽ സ്നേഹവിരുന്ന് എന്നുവിളിക്കുന്ന വിരുന്ന് സല്ക്കാരത്തിന് ആവശ്യമായ ഭക്ഷണം എത്തിക്കാനെങ്കിലും ഹൗസ് ചർച്ചിലെ വിശ്വാസികൾക്ക് കഴിയുന്നു (യൂദാ. 11,12) പല ഹൗസ്ചർച്ചുകളിലും, പെസഹായുടെ പ്രതീകമായ തിരുവത്താഴശുശ്രൂഷക്ക് സമാനമാണിത്. ഞാൻ ശുശ്രൂഷകനായിരുന്ന ഒരു സഭയിൽ ഒരു കുട്ടി തിരുവത്താഴ ശുശ്രൂഷയെക്കുറിച്ച് പറഞ്ഞത് ദൈവത്തിന്റെ വിശുദ്ധ അല്പാഹാരം. ഒരു ചെറിയ അപ്പവും ഒരു തുള്ളി വീഞ്ഞും. അപരിചിതരായവരുടെ നടുവിൽവച്ച് കഴിക്കുന്നത് തികച്ചും വചനത്തിനും, വചനാടിസ്ഥാനത്തിലുള്ള ഹൗസ് ചർച്ചിന്റെ കാഴ്ചപ്പാടിനും അന്യമാണ്. യേശുവിന്റെ ശിഷ്യന്മാർ പ രസ്പരം സ്നേഹത്തോടെ നുറുക്കിയ അപ്പം തിന്നതിന്റെ മാന്യതയും വിശുദ്ധിയും തികച്ചും വ്യത്യസ്തമായിരുന്നു.

ഹൗസ് ചർച്ചിൽ ആരാധന ലളിതമാണ്. പക്ഷേ തുല്യപങ്കാളിത്തമുള്ളതാണ്. യഥാർത്ഥ വിശ്വാസി സത്യത്തിലും ആത്മാവിലും ദൈവത്തെ ആരാധിക്കുന്നു.

## സൈദ്ധാന്തിക സംതുലതയും സഹിഷ്ണുതയും
## (Doctrinal Balance and Toleration)

ചെറിയ സഭാ കൂട്ടായ്മകളിലെ ചർച്ചാ വേദികളിൽ ഒരാൾക്ക് എല്ലാവരുടെയും അധ്യയനത്തെ സൂക്ഷ്മ പരിശോധന നടത്തുവാൻ കഴിയും. പരസ്പരം പരിചയമുള്ള സഹോദരങ്ങൾ അടങ്ങുന്ന ഈ വേദിയിൽ വ്യത്യസ്തമായ വീക്ഷണം ഉായേക്കാം, എല്ലാം ഐക്യകണ്ഠേന പരിഗണിക്കപ്പെട്ടു എന്നും വരികയില്ല. എന്നാൽ നിയമത്തിന്റെ അല്ല, സ്നേഹത്തിന്റെ ബന്ധത്തിൽ ഏവരും പരസ്പരം ബന്ധിക്കപ്പെട്ടവരായിരിക്കും. ഗ്രൂപ്പിലെ ഏതു വ്യക്തിയുടെയും ആശയാവിഷ്കാരം, മൂപ്പൻ, പാസ്റ്റർ, മേലധികാരി, ഇങ്ങനെ ആരുടെ ആശയാവിഷ്കാരമായാലും, മറ്റൊരാൾക്ക് നിരീക്ഷിച്ച് വിലയിരുത്താവുന്നതാണ് കാരണം ഒരോ അംഗവും ഒരുപദേഷ്ടാവാണ് (1 യോഹ 2:27). നിയന്ത്രണവിധേയമായ ഈ പ്രമാണങ്ങൾ തത്വങ്ങളായി നിലനില്ക്കുകയില്ല.

ഈ അവകാശം പാരമ്പര്യസാമൂദായിക സഭകളിൽ സാധ്യമല്ല കാരണം അവിടെ എഴുതപ്പെട്ട നിയമപ്രമാണമു്. അതിനെ വെല്ലുവിളിക്കാൻ ആർക്കും അവകാശമില്ല. തന്മൂലം ആ പ്രമാണങ്ങൾ അവിടെ നിലനില്ക്കുന്നു. ഈ പ്രാമാണങ്ങളുടെ നിജസ്ഥിതി അറിയാൻ ഒരു ശോധന ആവശ്യമാണ്. ഒരു പ്രഭാഷണത്തിലെ ഒരു സൂചന ഭിന്നാഭിപ്രായത്തിന് വഴിതെളിയിക്കാം. ഈ ആശയ വിയോജിപ്പിന്റെ അവസ്ഥ പാസ്റ്ററോടു സംസാരിക്കുന്നതുകൊ് ഫലം ഉാകയില്ല. ഒരുവേള പാസ്റ്റർ തന്റെ വീക്ഷണത്തിൽനിന്നും വ്യതിചലിച്ചാൽതന്നെ തന്റെ ഈ വ്യതിയാനം സഭയിലെ വിശ്വാസികളും ഉന്നത അധികാരികളും അറിയാതെ രഹസ്യമായി സൂക്ഷിക്കേതായി വരും. വ്യത്യസ്ഥപ്രമാണങ്ങളുള്ള സമുദായിക സഭകൾ നൈപുണ്യമുള്ള പാസ്റ്റർമാരെ വാർത്തെടുക്കുന്നു, അവർ നിപുണന്മാരായ രാഷ്ട്രീയക്കാരെപോലെയോ, വൈരുധ്യങ്ങളെ ഒഴിവാക്കാൻ പ്രാപ്തിയുള്ള പ്രഭാഷകരെ പോലെയോ ആണ്.

## ഒരു പുത്തൻ പ്രവണത
## (A Modern Trend)

പാരമ്പര്യ സമൂദായിക സഭകൾ അനുദിനം വളർന്നുകൊിരിക്കുന്നു. ഇതിന്റെ ഭാഗമായി ഇതിന്റെ വിവിധ സ്ഥാപനങ്ങൾ ഇതോടുചേർന്നു വളരുന്നു. ശുശ്രൂഷക്ക് അനുപേക്ഷണികമെന്ന് തോന്നുമാറ് ചില ചെറിയ ഗ്രൂപ്പുകൾ ഇതിനോടു ചേർന്നു ഉടലെടുക്കുന്നു. ഈ ചെറിയ ഗ്രൂപ്പുകളിൽ വലിയ ആഘോഷപൂർവ്വമായ മീറ്റിംഗുകൾക്ക് രാം സ്ഥാനമേയുള്ളു.

ദൈവത്തിന്റെ ഇഷ്ടത്തിനനുസരിച്ച് നാം ചുവടുവക്കുകയാണെങ്കിൽ, ദൈവത്തിന്റെ അനുഗ്രഹം എപ്പോഴുമുാകും. സാമൂദായിക സഭകളുടെ ഘടനകളേക്കാൾ സെൽ ചർച്ചുകൾ ശിഷ്യന്മാരെ നേടുന്നതിൽ വിജയിക്കുന്നു. ഇൻസ്റ്റിട്യൂഷണൽ ചർച്ചിന്റെയും, ഹൗസ് ചർച്ചിന്റെയും മാതൃകകളെ കൂട്ടിയിണക്കിയാണ് സെൽ ചർച്ചുകൾ പ്രവർത്തിക്കുന്നത്.

ചെറിയ ഗ്രൂപ്പകളുള്ള ആധുനിക ഇൻസ്റ്റിട്യൂഷണൽ ചർച്ചിനെ പ ഴയതോ, പുതിയതോ ആയ ഹൗസ് ചർച്ചിനോടു താരതമ്യപ്പെടുത്താനാവില്ല. അവ തമ്മിൽ വ്യത്യാസങ്ങളു്.

ഇൻസ്റ്റിട്യൂഷണൽ ചർച്ചിന്റെ ഈ ചെറിയ ഗ്രൂപ്പുകൾ മാതൃസഭയുടെ പോരായ്മകളെ പ്രോത്സാഹിപ്പിക്കുന്നു എന്നത് ഖേദകരമാണ്. പാസ്റ്ററുടെ സാമ്രാജ്യം വിസ്തൃതമാക്കുക എന്ന ലക്ഷ്യം മുന്നിൽകുകൊാണ് ഈചെറിയ ഗ്രൂപ്പുകൾ ഉായതെങ്കിൽ അത് ഖേദകരം തന്നെ. ഈ ചെറിയ ഗ്രൂപ്പിലൂടെ ഒരുപാസ്റ്റർക്ക് തന്റെ ലക്ഷ്യം പൂർണ്ണമായി നേടാൻ കഴിയും. മാതൃസഭയോടുള്ള വിശ്വസ്തത കാട്ടുന്ന ഈ ചെറിയ ഗ്രൂപ്പ് നേതാക്കൾ ആത്മീകചൈതന്യം ഉള്ളവരല്ല എന്നുതന്നെയുമല്ല, സ്വന്തം ആശയങ്ങൾക്ക്, പ്രസക്തി പ്രതീക്ഷിക്കുന്നുവർ കൂടിയാണ്. ഈ നയം ചെറിയ ഗ്രൂപ്പുകളുടെ

കഴിവിനെ വികലപ്പടുത്തുന്നു. ബൈബിൾ സ്കൂളിലും, സെമിനാരികളിലും സംഭവിക്കുന്നതുപോലെ കഴിവുള്ള അർപ്പണബൂദ്ധിയുള്ള നേതൃത്വ നിരയിൽ വരേവർ അവഗണിക്കപ്പെട്ടുപോകുന്നു.

പാരമ്പര്യ സഭയിലെ (ഇൻസ്റ്റിട്യൂഷണൽ ചർച്ചിന്റെ) ഈ ചെറിയ ഗ്രൂപ്പുകൾ വെറും കൂട്ടായ്മ ഗ്രൂപ്പുകളായി തരംതാഴ്ന്നു പോകുന്നു. ശിഷ്യന്മാരെ നേടുക എന്ന പ്രവൃത്തി അവിടെ നടക്കുന്നില്ല. വിശുദ്ധ ആരാധനയിൽ പ്രഭാതത്തിൽ പങ്കെടുത്തവർതന്നെ ഈ ചെറിയ ഗ്രൂപ്പിലും പങ്കെടുക്കുന്നതുകൊ്, ആവർത്തനവിരസത ഒഴിവാക്കാൻവേി ദൈവവചനംവിട്ട് മറ്റു പലവിഷയങ്ങൾക്കും പ്രാധാന്യം കൊടുക്കുന്നു.

ആത്മീക ജ്ഞാനം പ്രാപിച്ച വ്യക്തിയല്ല ഈ ചെറിയ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ നില്ക്കുന്നത്. ചർച്ച് പ്രോഗ്രാമിന്റെ കൂട്ടത്തിൽ ഒന്നുകൂടെ – ഇതുമാത്രമേ ഇതിലൂടെ സംഭവിക്കുന്നുള്ളു. പ്രായത്തിന്റെയോ, സാമൂഹ്യനിലവാരത്തിന്റെയോ, ചുറ്റുപാടുകളുടേയോ, താത്പര്യങ്ങളുടെയോ കുടുംബനിലവാരത്തിന്റെയോ, ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിലോ ആണ് ആളുകളെ ഒന്നിച്ചുകൂട്ടുന്നത്. തന്മൂലം കോലാടുകളും, ചെമ്മരിയാടുകളും ഒന്നിച്ച്കൂടുന്നു. ഈ വൈരുദ്ധ്യങ്ങളുടെ നടുവിൽ ആയിരിക്കുന്ന കൂട്ടായ്മയിലെ വിശ്വാസികൾക്ക് സ്നേഹത്തെക്കുറിച്ച് പഠിക്കുവാൻ അവസരം ഇല്ല. ആദിമകാലത്ത് ഹൗസ് ചർച്ചുകൾ യഹൂദന്മാരുടേയും, ജാതികളുടേയും സമൂഹമായിരുന്നു. അവർ ഭക്ഷണം പങ്കുവച്ചും, (ഇത് യഹൂദന്മാർക്ക് വിലക്കപ്പെട്ടതായിരുന്നു) അവരുടെ സംഗമങ്ങൾ എത്രയോ പഠനത്തിന് പക്വമായ അനുഭവങ്ങളായിരുന്നു! സ്നേഹത്തിൽ ഒന്നിക്കുവാനും, സുവിശേഷത്തിന്റെ ശക്തമായ സാക്ഷ്യങ്ങൾ വെളിപ്പെടുത്താനും അവസരങ്ങൾ ഉായിരുന്നു. നാമെന്തിന് ഒരോരുത്തരേയും വൈരുദ്ധ്യത്തിന്റെ വിഭാഗിയതയിലേക്ക് വലിച്ചെറിയണം?

ചെറിയ ഗ്രൂപ്പുകളുടെ സ്ഥാപിതസഭകൾ വിശുദ്ധാരാധന നടത്തുന്നു. അനേകർ കാണികളെപ്പോലെ ഇത് നോക്കിക്കാണുന്നു. യഥാർത്ഥ സഭാശുശ്രൂഷയിൽ പങ്കെടുക്കുവാൻ ഈ ചെറിയ ഗ്രൂപ്പുകൾക്ക് അനുവാദമില്ല. കാരണം ഈ ആരാധനകൾ സ്ഥാപിതസഭകളുടെ കുത്തകയാണ്. അവർക്ക് ഇത് വളരെ പ്രാധാനമാണ്. ഭൂരിഭാഗവും ഈ ആരാധനയിൽ പങ്കെടുക്കുന്നതിനാൽ ചെറിയ ഗ്രൂപ്പകളിലെ വിശുദ്ധാരാധന ക്ക് സന്നിഹിതരാവുന്നുവരുടെ എണ്ണം കുറവാണ്. വാരാന്ത്യത്തിലെ ശുശ്രൂഷയിൽ അവർ പങ്കെടുക്കുന്നു എന്ന ബോധം അവരെ തൃപ്തരാക്കുന്നു. ഈ ചെറിയ ഗ്രൂപ്പുകളുടെ ശുശ്രൂഷയുടെ നിലവാരം ശ്രേഷ്ഠമാണ് പക്ഷെ സ്ഥാപിത സഭകളിലെ ശുശ്രൂഷയുടെ മാന്യതയോളം എത്തുന്നില്ല. യഥാർത്ഥ കൂട്ടായ്മയുടെ വീര്യവും, ശിഷ്യത്വവും, ആത്മീക വളർച്ചയും സ്ഥാപിത സഭകളിൽ കെട്ടുപോകുന്നതോടൊപ്പം തെറ്റായ സന്ദേശം പ്രചരിപ്പിക്കപ്പെടുകയും ചെയ്യുന്നു. സ്ഥാപിത സഭകളുടെ ശുശ്രൂഷകൾ വീും രാജകീയ സ്ഥാനത്ത് തന്നെ നിലകൊള്ളുന്നു.

## കൂടുതൽ വ്യത്യാസങ്ങൾ
## (More Differences)

പോഷക ഗ്രൂപ്പുകൾ അടങ്ങുന്ന പാരമ്പര്യ സാമൂദായിക സഭകൾ ഒരു സംയുക്ത ഗോപുരം പോലെയാണ്. അധികാരശ്രേണിയനുസരിച്ച്, ഓരോരുത്തർക്കുമുള്ള സ്ഥാനം അവർക്കറിയാം. ഏറ്റവും ഉയരത്തിലുള്ളവർ തങ്ങളെത്തന്നെ ദാസമുഖ്യന്മാർ (സെർവന്റ് ലീഡേർസ്) എന്ന് പേർ സ്വീകരിച്ചിരിക്കയും, അവർ പലപ്പോഴും പരമാധികാരമുള്ള, ഉത്തരവാദിത്വമുള്ള പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കുന്ന ഉന്നത ഉദ്യോഗസ്ഥരെപ്പോലെയാണ്. സഭയുടെ വലിപ്പമനുസരിച്ച് പാസ്റ്റർക്ക് സഭാ അംഗങ്ങളുമായുള്ള അകൽച്ച വർദ്ധിക്കുന്നു. ഒരു ചെറിയ ഗ്രൂപ്പിൽ ശുശ്രൂഷിക്കുന്നതാണ് വളരെ സന്തോഷകരമെന്ന് തന്റെ അനുഭവത്തിൽനിന്നും ഒരു പാസ്റ്റർക്ക് പറയാൻ കഴിയും.

പോഷകഗ്രൂപ്പുകളുള്ള ഈ സാമൂദായിക സഭകൾ, പുരോഹിത–വിശ്വാസിഗണത്തെ പ്രോത്സാഹിപ്പിക്കുന്നു.ചെറിയ നേതാക്കൾ തികച്ചും ഉന്നതരുടെ ആശ്രിതരായിമാറുന്നു. വേദപഠനകാര്യങ്ങളൊക്കെ അധികാരികളുടെ അവകാശമാകുന്നു. തിരുവത്താഴ ശുശ്രൂഷയോ, സ്നാനശുശ്രൂഷയോ ചെറിയ ഗ്രൂപ്പിന് അർഹതപ്പെട്ടതല്ല. ബിരുദധാരികളുടെ കുത്തകയാണത്. വലിയ ശുശ്രൂഷകനാകാൻ സെമിനാരി പഠനം അത്യാവശ്യമാണ്. എന്നാൽ മാത്രമെ യഥാർത്ഥ ശുശ്രൂഷകനാകയുള്ളു.

സാമൂദായിക സഭകളിലെ പോഷക ഗ്രൂപ്പുകളിൽ 60 മുതൽ 90 മിനിട്ടുവരെ ശുശ്രൂഷ നീളുന്നു. വരപ്രാപ്തനായ ഒരാൾ ആരാധനക്ക് നേതൃത്വം കൊടുക്കും മറ്റൊരാൾ വചനം ശുശ്രൂഷയും ചെയ്യുന്നു. ആത്മീക ശുശ്രൂഷയുടെ വളർച്ചക്ക് ആധാരമായ പരിശുദ്ധാത്മാവിന് ഈ ആരാധനയിൽ വളരെ ചെറിയ പങ്ക് മാത്രമേയുള്ളു. തന്മൂലം വരപ്രാപ്തരായ അനേകർ ഈ ആരാധനയിൽ വെറും പങ്കാളികളായി മടങ്ങുന്നു.

ഈ ചെറിയ ഗ്രൂപ്പുകളെ അർഹിക്കുന്ന പ്രാധാന്യത്തോടുകൂടി പരിഗണിക്കാത്തതിനാൽ ഇവ താത്ക്കാലികം എന്ന തലക്കെട്ടിൽ ഒതുങ്ങുകയും സമൂഹത്തിന് ഹൗസ് ചർച്ചിൽ ഉള്ള സാന്ദ്രതയും ആഴവും അപ്രസക്തമാകുന്നു.

ആഴ്ചവട്ടത്തിലെ അവസാന വിശുദ്ധാരാധനയുടെ തിരക്ക് ഒഴിവാക്കാനായി ഈ ചെറിയ ഗ്രൂപ്പുകൾ ആഴ്ചവട്ടങ്ങളിൽ ആരാധന സംഘടിപ്പിക്കുന്നു. രുമണിക്കൂർ ദൈർഘ്യമുള്ള ഈ കൂട്ടായ്മയിൽനിന്നും ദൂരക്കാരും വിദ്യാർത്ഥികളും ഒഴിവാക്കപ്പെട്ടിരിക്കുന്നു.

ഈ പോഷക കൂട്ടായ്മകളെ സാമൂദായിക സഭകൾ പ്രോത്സാഹിപ്പിക്കുന്നു. സഭാവിശ്വാസികളുടെ എണ്ണം കൂടുവാൻ ഇത് കാരണമാകുന്നു. തന്മൂലം ചർച്ച് കെട്ടിടങ്ങൾ വിപുലീകരിക്കുന്നതിന് പണം ആവശ്യമായി

വരുന്നു. കൂടാതെ ഈ ചർച്ചുകളിൽ കാര്യങ്ങൾ നിർവ്വഹിക്കാൻ അധികമായി ഒരാളെക്കൂടി പണം നൽകി നിലനിർത്തേിവരുന്നു. ഇതിന്റെ അർത്ഥം ചർച്ച് പരിപാടികൾക്ക് കൂടുതൽ പണം ചിലവിടേിവരുന്നു എന്നതാണ്.

പോഷകഗ്രൂപ്പുകളുള്ള ഈ സാമൂദായിക സഭകളുടെ പാസ്റ്റർക്ക് വ്യക്തിപരമായി വിശ്വാസികളെ നേടുന്നതിന് കഴിയാതെ പോകുന്നു. വ്യത്യസ്തമായ ഉത്തരവാദിത്വങ്ങളാൽ അവർ ബന്ധിക്കപ്പെട്ടിരിക്കുന്നു. ചെറിയ ഗ്രൂപ്പുനേതാക്കളുമായി മാസത്തിലൊരിക്കൽ കൂട്ടായ്മ ആചരിക്കാമെന്നുള്ള താണ് ഒരുനേട്ടം.

ഹൗസ് ചർച്ചുകൾ ശിഷ്യന്മാരെ നേടുകയും വിശ്വാസികളുടെ എണ്ണത്തെ വർദ്ധിപ്പിക്കുകയും ചെയ്യുന്നതിൽ മുൻപന്തിയിലാണ്. നൂറ്റാുകൾ പഴക്കമുള്ള സഭാ സിദ്ധാന്തങ്ങളെ മാറ്റിമറിക്കണമെന്നല്ല ശിഷ്യന്മാരെ നേടുന്നതിന് ഉചിതമായ ചില മാറ്റങ്ങൾ ഉാക്കി അനേകരെ ക്രിസ്തവിനുവേി ആദായപ്പെടുത്താൻ സാമൂദായിക സഭയിലെ പാസ്റ്റർ ശ്രമിക്കേതാണ്.[19]

സ്വയമായും, ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിച്ചും ഒരു പാസ്റ്റർക്ക് ഇത് ചെയ്യുവാൻ കഴിയും. ഭവനാങ്കണത്തിൽ ഒത്തുചേർന്നു ഇടവേളകളിൽ വിശുദ്ധ ദിവസത്തിന് മുമ്പ് ഒരു ഭവനത്തിൽ ഒത്തുചേർന്ന്, ആദിമസഭ നൂറ്റാുകൾക്ക്മുമ്പ് ചെയ്തതുപോലെ ആത്മീകവും, ഭൗതികവുമായ ഭക്ഷണം ഭുജിക്കുന്നത് നന്നായിരിക്കും.

പോഷക ഗ്രൂപ്പുകളുള്ള സഭകൾ ഈ ഗ്രൂപ്പുകളെ ഹൗസ് ചർച്ചുകളാക്കി മാറ്റാൻ പാസ്റ്റർ തയ്യാറാകണം. എന്തുസംഭവിക്കുമെന്ന് അറിയാമല്ലോ?

ഈ ചെറിയഗ്രൂപ്പുകൾ ദൈവവിളിയുള്ള നേതാക്കളാൽ സൃഷ്ടിക്കപ്പെട്ടതാണെങ്കിൽ അവർക്കുതന്നെ അതിനെ ശക്തമായി നടത്തിക്കൊുപോകുവാൻ കഴിയും. ഇതിന് മാതൃസഭയുടെ സഹായം ഇല്ലാതെ സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയും. എന്തുകൊ് അവയ്ക്ക് അങ്ങനെ സ്വാതന്ത്ര്യം കൊടുത്തുകൂടാ.[20] മാതൃസഭയിലേക്ക് ശേഖരിക്കപ്പെടുന്ന പണം മാതൃസഭയിൽ ഉപയോഗിക്കപ്പെടുന്നതു പോലെ

---

19 . ഒന്നുതന്നെ തുടർന്നു ചെയ്യുകയും വ്യത്യസ്തമായ ഫലം പ്രതീക്ഷിക്കുകയും ചെയ്യുക – ബുദ്ധിഭ്രമത്തെക്കുറിച്ച് ഞാൻ കൊടുത്തിരിക്കുന്ന നിർവചനങ്ങളിൽ ഒന്നാണിത്. വിശ്വാസികളെ നേടുന്നതിനുള്ള സഭാംഗങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ച് വർഷങ്ങളോളം പാസ്റ്റർ പറഞ്ഞുകൊിരിക്കും. എന്നാൽ ഘടനക്ക് വ്യത്യാസം വരുത്താൻ പാസ്റ്റർ തയ്യാറാകാത്തിടത്തോളം, അവർ ആലയത്തിൽവന്ന് പറയുന്നതും കേട്ട് മടങ്ങിപ്പോകുക എന്ന പ്രവർത്തി തുടർന്നുകൊയേിരിക്കും. പാസ്റ്റർ, അംഗങ്ങൾക്ക് മാറ്റം ഉാകാൻ തക്കത് എന്തെങ്കിലും നിങ്ങൾ ചെയ്തില്ലെങ്കിൽ അവർക്കും ഭാവിയിൽ ആരെയും മാറ്റാൻ കഴിയുകയില്ല – അതുകൊ് നിങ്ങൾ ഇപ്പോൾ ചെയ്തുകൊിരിക്കുന്നതിന് ഒരു മാറ്റം വരട്ടെ.

20 . പല പാസ്റ്റർമാരും ഇതിന് എതിരാണ് കാരണം ദൈവരാജ്യത്തേക്കാളുപരി സ്വന്ത സാമ്രാജ്യം പടുത്തുയർത്താനാണ് ഇവർ ശ്രമിക്കുന്നത്.

ഹൗസ് ചർച്ചിലെ പാസ്റ്ററെയും അവിടുത്തെ വരുമാനംകൊ് നിലനിർത്തി പോകാൻ കഴിയും.

സാമൂദായിക സഭകൾകൊ് ഗുണം ഇല്ലായെന്നാണോ ഈ ഹൗസ് ചർച്ചിന്റെ അംഗീകാരംകൊ് ഉദ്ദേശിക്കുന്നത്. അല്ല, ഒരിക്കലുമല്ല. ഈ സമൂദായിക സഭകളിലെ ഘടനയും കീഴ്വഴക്കവും ശിഷ്യന്മാരെ വാർത്തെടുക്കുന്ന പ്രക്രിയക്ക് തടസ്സം സൃഷ്ടിക്കുകയാണ്. നമ്മെക്കുറിച്ച് കർത്താവിനുള്ള ലക്ഷ്യം നേടാൻ കഴിയാതെ പലപ്പോഴും പാസ്റ്റർ കൊലയാളി ആയിത്തീരുകയാണ്.

## ഹൗസ്ചർച്ച് കൂട്ടായ്മയിൽ എന്തുസംഭവിക്കുന്നു
## (What Happens at a House Church Gathering?)

എല്ലാ ഹൗസ് ചർച്ചുകളും ഘടനയിൽ സമാനതയുള്ളതാകയില്ല, പ്രകടമായ വ്യത്യാസങ്ങൾ ഉായേക്കാം. സാംസ്കാരികവും സാമൂഹികവുമായ തലത്തിൽ വ്യത്യാസങ്ങൾ ഉാകാം. ഹൗസ് ചർച്ചുകൾക്ക്, പ്രത്യേകിച്ചും, ക്രൈസ്തവ സാംസ്കാരികതയില്ലാത്ത രാജ്യങ്ങളിൽ സുവിശേഷം പ്രചരിപ്പിക്കുന്നതിൽ വലിയ പങ്കു്. ഹൗസ് ചർച്ച് അംഗങ്ങൾ ഒരു പാരമ്പര്യ പ്രാമാണിക ആലയത്തിലേക്ക് അതായത് വിദേശിയമായ, ആചാരങ്ങളുള്ള ഒരു ആലയത്തിലേക്ക് തങ്ങളുടെ അയൽവാസികളെ ക്ഷണിക്കുകയില്ല – അവിടെ ഹൃദയം തുറന്നുള്ള ഒരു ചർച്ച അസാധ്യമാണ് – അവരെ ഭക്ഷണത്തിന് ഭവനത്തിലേക്ക് ക്ഷണിക്കുക.

ഒന്നിച്ചുള്ള ഭക്ഷണം ഒരു ഹൗസ് ചർച്ച് കൂട്ടായ്മയുടെ വലിയ ഒരു നേട്ടമാണ്. പല ഹൗസ് ചർച്ചുകളിലും ഈ ഭക്ഷണം ഇല്ലെങ്കിൽ തിരുവത്താഴം ഉായിരിക്കും. തന്മൂലം ഇതിന്റെ ആത്മിക പ്രാധാന്യം കൂടുതൽ വെളിപ്പെട്ടുവരുന്നു. യഥാർത്ഥത്തിലുള്ള തിരുവത്താഴം വ്യക്തമായ ആത്മിക പ്രാധാന്യമുള്ള യഥാർത്ഥ പെസഹ ആഹാരത്തിന്റെ മൂല്യത്തെ ഉൾക്കൊള്ളുന്നു. തിരുവത്താഴം ഭക്ഷണമായോ, ഭക്ഷണത്തിന്റെ ഭാഗമായോ, ആദിമ വിശ്വാസികളുടെ കൂട്ടായ്മയിൽ നടത്തിയിരുന്നതായി കാണുന്നു. ആദിമ വിശ്വാസികളെക്കുറിച്ച് നാം ഇങ്ങനെ വായിക്കുന്നു.

> ആദിമ വിശ്വാസികൾ അവരെത്തന്നെ പൂർണ്ണമായി അപ്പോസ്തലന്മാരുടെ ഉപദേശത്തിനും കൂട്ടായ്മക്കും സമർപ്പിച്ചിരുന്നു. അപ്പം മുറിക്കുന്നതിനും, പ്രാർത്ഥിക്കുന്നതിനും, ഏകമനസ്സോടെ ആലയത്തിൽ എത്തുന്നതിനും അവർ ജാഗ്രതയുള്ളവാരായിരുന്നു. അവർ അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും, കൂട്ടായ്മ ആചരിച്ചും, അപ്പം നുറുക്കിയും പ്രാർത്ഥനകഴിച്ചും പോന്നു – ഒരുമനപ്പെട്ട് ദിനംപ്രതി ദൈവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം നുറുക്കിക്കൊ് ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂ് ഭക്ഷണം കഴിക്കുകയും ദൈവത്തെ സ്തുതിക്കുകയും സകലജനത്തിന്റേയും കൃപ അനുഭവിക്കുകയും ചെയ്തു. (അ പ്ര 2:42–46).

ആദിമ വിശ്വാസികൾ അപ്പം നുറുക്കി പങ്കുവക്കുന്നത് അവരുടെ ഭക്ഷണത്തോടൊപ്പം ആചാരത്തിന്റെ ഭാഗമാക്കി. ഭക്ഷണത്തോടു ചേർന്നു ന ടത്തിയ ഈ അപ്പംനുറുക്കലിന് ആത്മീകയായി എന്തെങ്കിലും പ്രാധാന്യം ഉ േ ാ? ബൈബിൾ ഇതിന് തെളിവൊന്നും തരുന്നില്ല. എന്നാൽ ദി ലോർഡ്സ് സപ്പർ എന്ന പുസ്തകത്തിൽ വില്യം ബാർക്ലെ എഴുതുന്നു – തിരുവത്താഴം ഒരു കുടുംബത്തിന്റെ ഭക്ഷണമായി അല്ലെങ്കിൽ സൗഹൃദത്തിന്റെ ആഹാരമായി വ്യക്തികളുടെ ഭവനങ്ങളിൽ ആരംഭിച്ചു. ഒരപ്പത്തിന്റെ നുറുങ്ങും ഒരുതുള്ളി വൈനും ഇതിന് യഥാർത്ഥത്തിലുള്ള തിരുവത്താഴവുമായി ഒരു സാമ്യവും ഇല്ല. തിരുവത്താഴം യഥാർത്ഥത്തിൽ സുഹൃത്തുക്കളുടെ ഒരു ഭവന കൂട്ടായ്മയിലെ കുടുംബ ഭക്ഷണം ആയിരുന്നു. ബാർക്ലെയുടെ ഈ അഭിപ്രായത്തോടു വേദപണ്ഡിതന്മാരെല്ലാം യോജിക്കുന്നു്. എന്നാലും ദേവാലയങ്ങൾ ഇപ്പോഴും പാരമ്പര്യത്തിന്റെ കണ്ണികളെ പിൻതുടരുകയാണ്.

> യേശുവിന്റെ കല്പനകൾ മറ്റുള്ളവരെ പഠിപ്പിക്കുവാൻ യേശു ശിഷ്യന്മാരെ ഉപദേശിച്ചു. എന്റെ ഓർമ്മക്കായി ഇത് ചെയ്യുവിൻ എന്ന് യേശു ശിഷ്യന്മാരെ പഠിപ്പിച്ചപ്പോൾ അവരും ആ മാതൃക മറ്റുള്ളവർ ചെയ്യുവാൻ പഠിപ്പിക്കേതായിരുന്നു. ഇത് സാധാരണ ഭക്ഷണസമയത്ത് ചെയ്യേതാണൊ? കൊരിന്തിലെ വിശ്വാസികൾക്ക് പൗലോസ് ലേഖനം എഴുതിയപ്പോൾ ഇത് വ്യക്തമാക്കി – നിങ്ങൾ കൂടിവരുമ്പോൾ കർത്താവിന്റെ അത്താഴമല്ല കഴിക്കുന്നത്. ഭക്ഷണം കഴിക്കയിൽ ഓരോരുത്തൻ താന്താന്റെ അത്താഴം മുമ്പെ കഴിക്കുന്നു. അങ്ങനെ ഒരുവൻ വിശന്നും മറ്റൊരുവൻ ലഹരി പിടിച്ചും ഇരിക്കുന്നു (1 കൊരി 11:20–21).

ആധുനിക സഭകളിൽ പ്രായോഗികമായി തുടരുന്ന സംഭവത്തോടു പൗലോസിന്റെ ഈ വാക്കുകളെ എങ്ങിനെ പൊരുത്തപ്പെടുത്താൻ കഴിയും. ആധുനികസഭാ ശുശ്രൂഷയിൽ പ ങ്കെടുക്കുന്ന വിശ്വാസികളിൽ ഒരുവൻ ഭക്ഷണം ആദ്യം കഴിക്കും, മറ്റൊരുവൻ വിശന്നിരിക്കും, വേറൊരുവൻ വീഞ്ഞുകടിച്ചു മത്തായിരിക്കുകയും ചെയ്യുന്ന അവസ്തയെക്കുറിച്ച് ചിന്തിക്കുവാൻ കഴിയുമോ? ഇതിനൊരാശയം വരണമെങ്കിൽ ഒരുവന്റെ യഥാർത്ഥ ഭക്ഷണത്തോടൊപ്പം തിരുവത്താഴവും ന ടത്തിയിരുന്നു എന്ന് വിശ്വസിക്കണം. പൗലോസ് തുടരുന്നു.

> തിന്നുവാനും കുടിപ്പാനും നിങ്ങൾക്ക് വീടുകൾ ഇല്ലയോ? അല്ല ദൈവത്തിന്റെ സഭയെ നിങ്ങൾ തുച്ഛീകരിച്ചു, ഇല്ലാത്തവരെ ലജ്ജിപ്പിക്കുന്നുവോ? നിങ്ങളോട് എന്തു പറയേു? നിങ്ങളെ പുകഴ്ത്തു കയോ? ഇതിൽ ഞാൻ നിങ്ങളെ പുകഴ്ത്തുന്നില്ല (1 കൊരി 11:22).

പൗലോസ് ഇവിടെ ഒരു സത്യം വെളിവാക്കുന്നു. കൊരിന്തിലെ വിശ്വാസികളിൽ ചിലർ നേരത്തേ കൂട്ടായ്മക്ക് കടന്നുവരികയും, മറ്റുള്ളവർക്കുവേി കാത്തിരിക്കാതെ തങ്ങളുടെ ഭക്ഷണം കഴിക്കുകയും

ചെയ്യും; വൈകിവരുന്നവരിൽ ചിലർ തങ്ങൾ നിർധനരായതുകൊ് ഭക്ഷണം കൊുവരാൻ കഴിയാത്തവരായ ഇവർ ഒരുമിച്ച് ഭക്ഷണത്തിനിരിക്കുമ്പോൾ അവർക്ക് പങ്കുവക്കാൻ കഴിയാതെവരും. അങ്ങനെ അവർ വിശപ്പുള്ളവർ മാത്രമല്ല കൂട്ടത്തിൽ അപമാനിതർകൂടി ആകുന്നു.

ഇതിനുശേഷം പൗലോസ് പെട്ടെന്ന് കർത്താവിൽനിന്നുലഭിച്ച തിരുവത്താഴത്തെക്കുറിച്ചുള്ള പ്രമാണം ഓർമ്മിപ്പിക്കുന്നു. ഞാൻ കർത്താവിങ്കൽനിന്ന് പ്രാപിക്കയും, നിങ്ങൾക്ക് ഏല്പിക്കയും ചെയ്തത് എന്തന്നാൽ: കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലിനുറുക്കി; ഇതു നിങ്ങൾക്കു വേിയുള്ള എന്റെ ശരീരം, എന്റെ ഓർമ്മക്കായി ഇതുചെയ്യുവിൻ എന്നുപറഞ്ഞു. അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു. അതുകൊ് അയോഗ്യമായി അപ്പം തിന്നുകയോ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാർ ആകും. മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടുവേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽനിന്നു കുടിക്കുകയും ചെയ്വാൻ. തിന്നുകയും കുടിക്കുകയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്ക് ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു. ഇത് ഹേതുവായി നിങ്ങളിൽ പലരും ബലഹീനരും, രോഗികളും ആകുന്നു. അനേകരും നിദ്രകൊള്ളുന്നു. നാം നമ്മെത്തന്നെ വിധിച്ചാൽ വിധിക്കപ്പെടുയില്ല. വിധിക്കപ്പെടുന്നു എങ്കിലോ, നാം ലോകത്തോടുകൂടെ ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേതിന് കർത്താവ് നമ്മെ ബാലശിക്ഷകഴിക്കയാകുന്നു. (1 കൊരി 11:23-32)

> പൗലോസ് പൂർത്തിയാക്കുന്നതു ശ്രദ്ധിക്കുക: ആകയാൽ സഹോദരന്മാരേ, നിങ്ങൾ ഭക്ഷണം കഴിപ്പാൻ കൂടുമ്പോൾ, അന്യോന്യം കാത്തിരിപ്പിൻ. വല്ലവനും വിശക്കുന്നു എങ്കിൽ നിങ്ങൾ ഒരുമിച്ചു കൂടുന്നത് ന്യായവിധിക്ക് കാരണം ആകാതിരിക്കേതിന് അവൻ വീട്ടിൽ വച്ച് ഭക്ഷണം കഴിക്കട്ടെ (1 കൊരി 11:33-34).

മറ്റുള്ളവർക്ക് പങ്കുവക്കാതെ, തങ്ങളുടെ ആഹാരം സ്വന്തമായി ഭക്ഷിക്കുന്നവനോട് പൗലോസ് മുന്നറിയിപ്പ് നർകുന്നത് എന്തെന്നാൽ അവർ അപകടത്തിലാണ് അവർ ശിക്ഷാവിധിയിൽ അകപ്പെടും. ഇതിനുള്ള പരിഹാരം വളരെ ലളിതം - ഒരുവന് വിശക്കുകയും അവൻ മറ്റുള്ളവർക്കുവേി കാത്തിരിക്കാതെയും ഇരിക്കുന്നുവെങ്കിൽ, അവർ കൂട്ടായ്മക്കു വരുന്നതിനുമുമ്പ് ഭക്ഷണം കഴിക്കട്ടെ. നേരത്തെ വന്നവർ താമസിച്ചുവരുന്നവർക്കുവേി കാത്തിരിക്കട്ടെ.

ഈ ഭാഗം നാം പഠിക്കുമ്പോൾ, പൗലോസ് പറയുന്നത് ശ്രദ്ധിക്കുക: കർത്താവിന്റെ അത്താഴം ആണ് കഴിക്കുന്നത്. അത് കർത്താവിനെ സ

ന്താഷിപ്പിക്കുന്നതും, സ്നേഹം പ്രതിഫലിക്കുന്നതും പരസ്പരം പ രിഗണനകൊടുക്കുന്നതുമാണ്.

ഇതിൽനിന്നും വളരെ വ്യക്തമായി ഒരുകാര്യം വെളിവാകുന്നു. ആദിമസഭകൾ തിരുവത്താഴം സാധാരണ ആഹാരത്തിന്റെ ഭാഗമായി, ഒരു പ ുരോഹിതന്റെ സാന്നിദ്ധ്യം ഇല്ലാതെ നടത്തിയിരുന്നു. എന്തുകൊ് നമുക്കും അങ്ങനെ ആയിക്കൂടാ.

## അപ്പവും വീഞ്ഞും

## (Bread and Wine)

തിരുവത്താഴത്തിന് ഉപയോഗിക്കുന്ന മൂലകങ്ങളുടെ മൂല്യത്തിനല്ല പ്രാധാന്യം. യഥാർത്ഥ തിരുവത്താഴശുശ്രൂഷക്ക് ഉപയോഗിക്കുന്ന സാധനങ്ങളുടെ മാതൃക തുടരുകയാണെങ്കിൽ, അപ്പത്തിന്റെ ഘടകങ്ങൾ, വീഞ്ഞ് ഉാക്കാൻ ഉപയോഗിച്ച മുന്തിരിയുടെ ഇനം ഇതൊക്കെ അറിയണം (ചില സഭാ നേതാക്കൾ, ചില നൂറ്റാുകൾക്കുമുമ്പ് കർശനമായും വീഞ്ഞ് വെള്ളം ചേർത്ത് നിർവീര്യമാക്കണമെന്ന് നിർബ്ബന്ധം പിടിച്ചിരുന്നു. കാരണം അത് ദുർവിനിയോഗം ചെയ്തു പോയാലോ?

പ്രാചീന യഹൂദാ ഭക്ഷണത്തിന്റെ മുഖ്യഘടകങ്ങളായിരുന്ന അപ്പവും വീഞ്ഞും. ദിനംതോറും സർവ്വസാധാരണയായി ജനം കഴിക്കുന്ന ഈ ആഹാരസാധനത്തിന് യേശു വളരെ പ്രാധാന്യം കല്പിച്ചു. വ്യത്യസ്ത സംസ്കാരമുള്ള മറ്റൊരു ചരിത്രപശ്ചാത്തലത്തിലാണ് യേശു ജീവിച്ചിരുന്നത് എങ്കിൽ അപ്പത്തിനും വീഞ്ഞിന്നും പകരം സാധാരണക്കാർക്ക് സുലഭമായ വെണ്ണയും പാലുമോ, അരി അപ്പവും, പൈനാപ്പിൾ നീരുമോ തിരുവത്താഴത്തിന് ഉപയോഗിക്കുമായിരുന്നു. യേശുവിന്റെ ശരീരത്തെയും, രക്തത്തേയും പ്രതിനിധീകരിച്ച് യേശു അത് ഉപയോഗിക്കുമായിരുന്നു. ആത്മീക അവസ്ഥയാണ് ഇവിടെ പ്രധാനം. അക്ഷരാർത്ഥത്തിൽ ഓരോന്നും ഉൾക്കൊള്ളുമ്പോൾ ആത്മീക ചൈതന്യം അറ്റുപോകരുത്.

സാധാരണ ഭക്ഷണം മരണഗീതമാകണമെന്നില്ല. ആദിമ വിശ്വാസികൾ ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂ അപ്പം നുറുക്കി ഭക്ഷിക്കയും ദൈവത്തെ സ്തുതിക്കയും ചെയ്തു (അപ്ര. 2:46). യേശുവിന്റെ യാഗത്തെ ഓർത്തുകൊ് തിരുവത്താഴത്തിൽ പങ്കുകൊള്ളണം. (1 കൊരി 11: 17–34) വരെയുള്ള വാക്യങ്ങളിൽ പൗലോസ് ഓർമിപ്പിക്കുന്നു. സ്വയം ശോധന ചെയ്തിട്ടുവേണം ഈ അപ്പം കഴിക്കുവാൻ. അതിക്രമങ്ങൾ ഇല്ലാതെ, യേശുവിന്റെ കല്പനയായ പരസ്പരസ്നേഹം പ്രദർശിപ്പിക്കുന്നതുതന്നെ ദൈവത്തിങ്കലേക്കുള്ള ക്ഷണമാണ്. എല്ലാ തെറ്റുകളും വ്യാജഭാവങ്ങളും ഭക്ഷണത്തിനുമുമ്പ് എറ്റുപറഞ്ഞ് ഉപേ ക്ഷിക്കണം. ഓരോ വിശ്വാസിയും സ്വയം ശോധനചെയ്ത് പാപത്തെ

ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണം. പൗലോസിന്റെ ഭാഷയിൽ പറഞ്ഞാൽ സ്വയം ശോധനചെയ്യണം.

ഒരുകൂട്ടായ്മയിൽ ആരാധന, ഉപദേശം, ആത്മീകവരങ്ങളുടെ പങ്കുവക്കൽ, ഇവയൊക്കേയും ഉ്. ഭക്ഷണം കൂട്ടായ്മക്കു മുമ്പോ പിമ്പോ ആകാം. ഇത് ഹൗസ്ചർച്ചിലെ വ്യക്തിതാല്പര്യമനുസരിച്ച് മാറ്റത്തിന് വിധേയമാണ്. ഒരു ഹൗസ്ചർച്ചിന്റെതന്നെ പല ഭവനങ്ങളിലും ഇത് വ്യത്യസ്തമായിരിക്കാം.

ആധുനിക ആരാധനാലയങ്ങളിലെ ശുശ്രൂഷ ആദിമസഭയിലെ ശുശ്രൂഷകളിൽനിന്നും തികച്ചും വിഭിന്നമായിരുന്നു. ആദിമവിശ്വാസികളുടെ കൂട്ടായ്മയിൽ ഉായ സംഭവങ്ങളുടെ ഒരു ഉൾക്കാഴ്ച 1 കൊരി 11–14 ൽ കാണാം, ഇന്നത്തെ കൂട്ടായ്മകളിലും അത് ആവർത്തിക്കുന്നതിൽ വിലക്കുകളൊന്നുമില്ല. പൗലോസ് വിവരിക്കുന്ന ഈ ആദിമകൂട്ടായ്മകൾ നടത്തപ്പെട്ടിരുന്നത് ലളിയമായ ചുറ്റുപാടുകളിലാണ്. ഇവ വലിയ കൂട്ടായ്മകളിൽ അസാദ്ധ്യമാണ്.

1 കൊരിന്ത്യൻ ലേഖനത്തിലെ ആദ്യത്തെ നാല് അദ്ധ്യായങ്ങളിൽ പൗലോസ് എഴുതിയിരിക്കുന്നവ പൂർണ്ണമായി എനിക്ക് മനസ്സിലായിട്ടില്ലായെന്ന് തുറന്നു സമ്മതിക്കുന്നു. 1 കൊരിന്ത്യൻ 11 മുതൽ 14 വരെയുള്ള അധ്യായങ്ങളിൽ പരിശുദ്ധാത്മാവിന്റെ നിറഞ്ഞ സാന്നിദ്ധ്യം വ്യക്തികളിൽ വെളിപ്പെട്ടതായി പറയുന്നു. ആത്മിക ഉന്നതിയുടെ വെളിപ്പാടായി പലവരും ആത്മീകവരങ്ങൾ പ്രാപിച്ചു.

ഒൻപതു കൃപാവരങ്ങൾ ഉള്ളതായി പൗലോസ് വെളിപ്പെടുത്തുന്നു: ജ്ഞാനം, പരിജ്ഞാനം, വിശ്വാസം, പലവിധഭാഷകൾ, പ്രവചനം, വിവേചനം, രോഗശാന്തി, വീര്യപ്രവർത്തി, ഭാഷകളുടെ വ്യാഖ്യാനം - ഈ കൃപാവരങ്ങൾ എല്ലാ കൂട്ടായ്മകളിലും വെളിപ്പെട്ടില്ല. എന്നാൽ 1 കൊരി 14:26 ൽ ആത്മാവിന്റെ വരങ്ങൾ കൂട്ടായ്മയിൽ വെളിപ്പെടുന്നത് വിവരിച്ചിട്ടു്.

ആകയാൽ എന്ത്? സഹോദരന്മാരേ, നിങ്ങൾ കൂടിവരുമ്പോൾ ഓരോരുത്തനും സങ്കീർത്തനം ഉ്, ഉപദേശം ഉ്, വെളിപ്പാട് ഉ്, അന്യഭാഷ ഉ്, വ്യാഖ്യാനം ഉ്, എന്നാൽ സകലവും ആത്മീക വർദ്ധനക്കായി ഉതകട്ടെ.

കൂട്ടായ്മയിൽ സാധാരണ വെളിപ്പെടാറുള്ള 5 ആത്മവരങ്ങളാണ് മേൽ ഉദ്ധരിച്ചത്. 1 കൊരി. 12:8–10 വരെയുള്ള ഭാഗത്ത് ഒമ്പത് കൃപാവരങ്ങളേയും വ്യക്തമായി വിവരിച്ചിട്ടു്.

പട്ടികയിൽ ആദ്യത്തെത് സങ്കീർത്തനം. പൗലോസ് സഭക്ക് എഴുതിയ തന്റെ ലേഖനത്തിൽ ആത്മശക്തിയുള്ള ര് സങ്കീർത്തനങ്ങളെ പരാമർശിക്കുന്നു.

വീഞ്ഞുകുടിച്ച് മത്തരാകരുത്; അതിനാൽ ദുർന്നടപ്പ് ഉാകുമല്ലൊ.
ആത്മാവ് നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും,

ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും എല്ലാറ്റിനും വേി സ്ത്രോത്രം ചെയ്തുകൊൾവിൻ (എഫേ 5:18-19).

ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ വാഴട്ടെ. സങ്കീർത്തനങ്ങളാലും, സ്തുതികളാലും, ആത്മീക ഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും, ബുദ്ധി ഉപദേശിച്ചും, നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനുപാടിയും ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടുംകൂടെ നിങ്ങളിൽ വസിക്കട്ടെ (കൊലോ 3:15-16).

സങ്കീർത്തനം സ്തുതി, ആത്മീക ഗീതങ്ങൾ ഇവ തമ്മിലുള്ള വ്യത്യാസം വ്യക്തമല്ല. വചനാടിസ്ഥാനത്തിലുള്ള ആത്മപ്രേരിതമായ വാക്കുകളാണ് ഈ പാട്ടിലുള്ളത്. ആത്മനിറവുള്ള ഈ പാട്ടുകൾ വിശ്വാസികൾ പാടി പരസ്പരം പ്രബോധിപ്പിക്കയും ഉപദേശിക്കുകയും വേണം. നൂറ്റാുകളായി ആലയങ്ങളിൽ ആലപിക്കപ്പെടുന്ന എല്ലാ സ്തുതി ഗീതങ്ങളും ഈ വിഭാഗത്തിൽപെടുന്നവയാണ്. എന്നാൽ അസംഖ്യമായി സൃഷ്ടിക്കപ്പെടുന്ന ഇന്നത്തെ സ്തുതിഗീതങ്ങൾക്ക് വചനത്തിന്റെ ആഴവും, ആത്മസ്പർശവും ഇല്ല. അതുകൊ് ഉപദേശിക്കുക, ഉത്ബോധിപ്പിക്കുക തുടങ്ങിയ ഉന്നതലക്ഷ്യം നിർവ്വഹിക്കാൻ കഴിയാത്തവിധം ഈ സ്തുതിഗീതങ്ങൾ ആഴമില്ലാത്ത വയായിത്തീർന്നിരിക്കുന്നു. ഹൗസ് ചർച്ചിൽ കൂടിയിരിക്കുന്ന വിശ്വാസികളുടെ ആത്മീകവളർച്ചക്ക് ആവശ്യമായ പ ഴയതും പുതിയതുമായ സ്തുതിഗീതങ്ങൾ ആലപിക്കാൻ വ്യക്തികളെ ഉത്സാഹിപ്പിക്കുന്നതുപോലെ സഭയിലുള്ള ചിലർക്ക് ശക്തമായ ആത്മീയാഭിഷേകം വ്യാപരിപ്പിക്കുന്ന സ്തുതിഗീതങ്ങൾ ആലപിക്കാനുള്ള അവസരവും ലഭിക്കുന്നു. ഇന്നത്തെ ആലയങ്ങളിൽ ആത്മനിറവുള്ള സ്തുതി ഗീതങ്ങൾ ഉായിരുന്നെങ്കിൽ ആരാധനകൾ എന്ത് വ്യത്യസ്തമാകുമായിരുന്നു!

## ഉപദേശം
## (Teachings)

പൗലോസിന്റെ പട്ടികയിൽ രാമത്തേത് ഉപദേശമാണ്. ഒരു കൂട്ടായ്മയിൽ ആത്മനിറവോടെ ഉപദേശം പങ്കുവക്കാൻ എതൊരാൾക്കും കഴിയും. പക്ഷേ ഉപദേശം എപ്പോഴും അപ്പോസ്തലന്മാരുടെ ഉപദേശത്തോടു പൊരുത്തപ്പെടുന്നുാേയെന്ന് ശ്രദ്ധിക്കണം (അ.പ്ര. 2:42 ൽ പറഞ്ഞിരിക്കുന്ന പ്രകാരം "അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥനകഴിച്ചും പോന്നു.") അപ്പോസ്തലന്മാർ ശുശ്രൂഷ ചെയ്തതുപോലെ നാമും ചെയ്യണം. ആഴ്ചവട്ടത്തിന്റെ അവസാന വിശുദ്ധാരാധനയിൽ ഒരു വ്യക്തിതന്നെ ആധിപത്യം സ്ഥാപിച്ച് വചനശുശ്രൂഷനിരന്തരം ചെയ്യുന്നതിന് പുതിയ നിയമത്തിൽ ഒരു തെളിവുമില്ല.

അപ്പോസ്തലന്മാർ ഉപദേശം നൽകിയ യറുശലേം ദേവാലയത്തിൽ വളരെ പുരുഷാരം ഉായിരുന്നു. ഉപദേശിക്കാനുള്ള ഉത്തരവാദിത്തം മൂപ്പന്മാർക്കും ലഭിച്ചിരുന്നു. ഉപദേശകശുശ്രൂഷക്കായി ചിലരെ പ്രത്യേകം ക്ഷണിച്ചുവരുത്തിയിരുന്നു. പൊതുയോഗങ്ങളിലും ഭവനകൂട്ടായ്മകളിലും പൗലോസ് ഉപദേശിച്ചുപോന്നു. (അ.പ്ര. 20:20) എന്നാൽ വിശ്വാസികളുടെ കൂട്ടായ്മകളിൽ അപ്പോസ്തലന്മാരേയും, ഉപദേഷ്ടാക്കന്മാരേയും, മൂപ്പന്മാരേയും മാത്രമല്ല മറ്റുപലരേയും പ രിശുദ്ധാത്മാവ് ശുശ്രൂഷക്ക് ഉപയോഗിച്ചിരുന്നു.

ആദിമ സഭാവിശ്വാസികൾക്ക് സ്വന്തമായി ബൈബിൾ ഉായിരുന്നില്ല. എന്നാൽ ഇന്ന് സ്ഥിതി മാറി. എല്ലാവിശ്വാസികൾക്കും സ്വന്തം ബൈബിൾ ഉ്. പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുക, നിന്റെ അയല്ക്കാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കുക തുടങ്ങിയ ദൈവിക ശാസനകളെ അംഗീകരിക്കയും അനുസരിക്കയും ചെയ്യേതിനു പകരം പുതിയ നിയമ വിശ്വാസികൾ ദൈവിക പ്രമാണങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുകയല്ലേ?. മരണ ന ിയമങ്ങളാണ് നാം പഠിക്കുന്നതും പഠിപ്പിക്കുന്നതും. സംഘടിതമായ വചന പഠന കൂട്ടങ്ങൾ മൂഷിപ്പനായി മാറിയിരിക്കുന്നു. ഹൗസ് ചർച്ച് പഠന ത്തിൽ നമുക്ക് പിൻപറ്റാവുന്ന നല്ലൊരു മാതൃക മുതിർന്നവർ അവരുടെ വിരസത തുറന്നു സമ്മതിച്ചാൽ, യൗവ്വനക്കാർ അതിനെ ഒളിച്ചുവക്കും, കുട്ടികൾ സമ്മർദ്ദത്തിന്റെ മർദ്ദമാപിനികൾ ആകും.

## വെളിപ്പാട്
## (Revelation)

മൂന്നാമതായി പൗലോസ് വെളിപ്പാടിനെ വിശദീകരിക്കുന്നു. സഭയിലെ ഒരംഗത്തിന് എന്തെങ്കിലും ദൈവം വെളിപ്പെടുത്തികൊടുക്കുന്നതാണ് വെളിപ്പാട്. ഉദാഹരണത്തിന് അവിശ്വാസിയായ ഒരു വ്യക്തി കൂട്ടായ്മയിൽ കടന്നുവരുമ്പോൾ അവന്റെ ഹൃദയരഹ്യങ്ങൾ പ്രപചനമെന്ന കൃപാവരത്തിലൂടെ വിവരിക്കപ്പെടുന്നു. ഫലമോ അവൻ പിടിക്കപ്പെട്ടു കണക്കു ബോധിപ്പിക്കേിവരും എന്നറിഞ്ഞ് അവൻ തന്നെത്തന്നെ സമർപ്പിച്ച് വാസ്തവമായും ദൈവം നിങ്ങളോടൊപ്പം ഉ് എന്ന് തിരിച്ചറിഞ്ഞ് ദൈവത്തെ ആരാധിക്കും (1 കൊരി 14:24-25).

ആത്മിക കൂട്ടായ്മകളുടെയെല്ലാം പ്രത്യേകത പരിശുദ്ധാത്മാവിന്റെ സാന്നിധ്യമാണ്, ഈ സാന്നിധ്യമാണ് അത്ഭൂതങ്ങളെ ഉളവാക്കുന്നത്. ''രോ മൂന്നോ പേർ എന്റെ നാമത്തിൽ എവിടെ കൂടുന്നവോ അവരുടെ മദ്ധ്യത്തിൽ ഞാനുv'' (മത്താ. 18:20). യേശുവിന്റെ ഈ വാഗ്ദത്തത്തെ ആദിമ വിശ്വാസികൾ പൂർണ്ണമായും വിശ്വസിച്ചിരുന്നു. കർത്താവ് അവരുടെ നടുവിൽ ഉങ്കെിൽ അത്ഭുതം ഉറപ്പാണ്. ദൈവത്തിന്റെ ആത്മാവ്കൊ് അവർ

ആരാധിച്ചു (ഫിലി. 3:3). മനുഷ്യഹൃദയത്തിന്റെ ഉള്ളറകളെ വെളിപ്പാടുകളിലൂടെ തുറന്നുകാട്ടാൻ പ്രവചനമെന്ന കൃപാവരത്തിന് കഴിയും. സ്വപ്നങ്ങൾ, ദർശനങ്ങൾ തുടങ്ങി മറ്റു പല മാധ്യമങ്ങളും വെളിപ്പാടുകൾക്ക് (അ.പ്ര. 2:17).

## അന്യാഭാഷയും വ്യാഖ്യാനവും
## (Tongues and Interpretation)

നാലാമതായി, ഒരുമിച്ചു പ്രവർത്തിക്കുന്ന കൃപാവരങ്ങളായ അന്യഭാഷയും വ്യഖ്യാനവും എന്ന വരത്തെക്കൂറിച്ചാണ് പൗലോസ് പറയുന്നത്. കൊരിന്തിൽ അന്യഭാഷയെ ദുരുപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് വാദമുായി. സഭാരാധനകളിൽ ചിലർ അന്യഭാഷകളിൽ സംസാരിച്ചു. എന്നാൽ വ്യാഖ്യാനിച്ചില്ല. അതുകൊ് അന്യഭാഷയിൽ സംസാരിച്ചവൻ എന്തു സംസാരിച്ചു എന്ന് ആർക്കും മനസ്സിലായില്ല. എന്തുകൊാണ് കൊരിന്ത്യർക്ക് ഇങ്ങനെ സംഭവിച്ചത്. വ്യാഖ്യാനമില്ലാതെ അന്യഭാഷ സംസാരിച്ചത്, ഇത് പരിശുദ്ധാത്മാവ് എന്തുകൊ് വെളിപ്പെടുത്തിയില്ല എന്ന് അതിശയിച്ചേക്കാം. ഇതിന്റെ വ്യക്തമായ ഉത്തരം വരുന്ന അദ്ധ്യായങ്ങളിൽ ഞാൻ വിശദീകരിക്കുന്നതാണ്. എന്തായാലും പൗലോസ് അന്യഭാഷ സംസാരിക്കുന്നതിനെ വിലക്കിയില്ല. (അനേകം പാരമ്പര്യ സഭകൾ ചെയ്യുന്നതുപോലെ) എന്നാൽ അന്യഭാഷ സംസാരിക്കുന്നത് എതിർക്കുന്നതിനെ വിലക്കുകയും അത് ദൈവത്തിന്റെ കല്പനയാണെന്ന് പ്രസ്താവിക്കുകയും ചെയ്തു (1 കൊരി. 14:37-39)[21] പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം സഭാമദ്ധ്യത്തിൽ വ്യാപരിക്കുന്നതിന് ഇത് വളരെ സഹായകമാണ്. ദൈവത്തിന്റെ സത്യവും ഇച്ഛയും ജനത്തിലേക്ക് വ്യാപിക്കുന്ന ഒരു ചാനലാണ് അന്യഭാഷ. വ്യാഖ്യാനമില്ലാത്ത അന്യഭാഷയെക്കാൾ പ്രവചനം ശ്രേഷ്ഠമെന്ന് പൗലോസ് പറയുന്നു (1 കൊരി 14-ാം അദ്ധ്യായം) പ്രവചന വരത്തിനായി വാഞ്ജിക്കുവാൻ പൗലോസ് കൊരിന്ത് സഭയോടു അവശ്യപ്പെടുന്നു. ആഗ്രഹിക്കുന്നവരിൽ ഈ വരം

---

21 . ഒന്നാം നൂറ്റിലുായ പരിശുദ്ധാത്മാവിന്റെ വ്യാപാരശക്തി തുച്ഛീകരിക്കുകയും, അത് ഒന്നാം നൂറ്റാോടെ അവസാനിച്ചു എന്നു വിശ്വസിക്കുകയും ചെയ്യുന്നവരു്. ഒന്നാം നൂറ്റിലെ അനുഭവത്തിന്റെ ആഴത്തെ അളക്കുകയും, ഈ നൂറ്റിൽ അതിന്റെ ആവശ്യകത ഇല്ലായെന്ന് ചിന്തിക്കുന്നതൊന്നും നമ്മുടെ വിഷയങ്ങളല്ല. ആരാധനയിൽ ജപ്പാൻ ഭാഷയിൽ ദൈവത്തെ ആരാധിച്ച സന്ദർഭങ്ങൾ എനിക്കുായിട്ടു്. ജപ്പാൻ ഭാഷ അറിയാത്ത ഞാൻ ജപ്പാൻ ഭാഷയിൽ ആരാധിച്ചെന്ന് ജപ്പാൻകാർ പറയുകയുായി, തന്മൂലം അന്യഭാഷയുടെ വരത്തെ ഞാൻ ലേശവും സംശയിക്കുന്നില്ല്. അത് നിന്നുപോയി, ഇന്ന് ഇല്ലായെന്നു പറയുന്നവരോട് എനിക്കു സഹതാപമേയുള്ളു. പാപികളെ മാനസാന്തരത്തിലേക്ക് നയിക്കുന്ന പരിശുദ്ധാത്മാവിന്റെ അത്ഭൂതപ്രവൃത്തികൾക്കപ്പുറം ചിലർ പരിശുദ്ധാത്മാവിനെ അംഗീകരിക്കുന്നില്ല. മാനുഷീകഅനുസരണക്കേടിന്റെയും, അവിശ്വാസത്തിന്റെയും ഫലമായുാകുന്ന ഒരു തിയോളജിയാണ് ഇത്, ഇതിന് വചന അടിസ്ഥാനമില്ല. ഇത് ക്രിസ്തുവിന്റെ ലക്ഷ്യത്തിന് എതിരാണ്. പൗലോസ് 1 കൊരി. 14:37ൽ പറഞ്ഞതനുസരിച്ച് ക്രിസ്തുവിനോടുള്ള അനുസരണക്കേടാണിത്.

വെളിപ്പെടുന്നു എന്നതിന് തെളിവാണിത്. തെസ്ലോനിക്യ സഭയോടു പൗലോസ് പറയുന്നു: ആത്മാവിനെ കെടുക്കരുത്, പ്രവചനം തുച്ഛീകരിക്കരുത് (1 തെസ: 5:19). ഇതിൽനിന്നും ഒരു കാര്യം വ്യക്തമാകുന്നു, അതായത് ചിലർ പ്രവചനവരത്തോട് തെറ്റായ മനോഭാവം പുലർത്തുന്നതിലൂടെ ഒരാത്മാവിന്റെ അഗ്നിയെ കെടുക്കുകയോ, തുച്ഛീകരിക്കുകയോ ചെയ്യുന്നു. ഭൂരിഭാഗം വിശ്വാസികളിലും പ്രവചനവരം വെളിപ്പെടാത്തതിന്റെ കാരണവും മറ്റൊന്നല്ല.

## എങ്ങനെ തുടങ്ങണം
## (How to Start)

ഒരു ഭവന ആലയം ഒരു ദൈവദാസന് ദൈവം നൽകിയ ദർശനത്തിന്റെ ഫലമാണ്. തന്റെ ശുശ്രൂഷയിലൂടെ, ദൈവികദർശനത്തിന്റെ ഫലമായി പരിശുദ്ധാത്മാവിനാൽ ജനിക്കപ്പെടുന്നതാണ് ഒരു ഭവന ആലയം. വചനപ്രകാരം മൂപ്പൻ/ഇടയൻ/കാര്യവിചാരകൻ എന്നത് ഒരു പാരമ്പര്യസഭയുടെ പക്വതയെത്തിയ ഒരു വിശ്വാസി ആയിരിക്കാം. എന്നാൽ ഹൗസ് ചർച്ച് സ്ഥാപകന് പ്രാഥമിക ശുശ്രൂഷ പരിചയം ആവശ്യമില്ല.

സ്ഥാപകന്, പരിശുദ്ധാത്മാവ് ഹൗസ് ചർച്ചിനെക്കുറിച്ച് ഒരു ദർശനം നൽകിയാൽ, അവനോടൊപ്പം ചേരാൻ മറ്റംഗങ്ങൾ ആരാണെന്നറിയാൻ ദൈവത്തോടു ചോദിക്കണം. ദൈവം അവന്, അവനെപ്പോലെ തുല്യദർശനമുള്ള വ്യക്തികളെ നൽകുകയും തന്റെ നേതൃത്വത്തെ ഉറപ്പിക്കുകയും ചെയ്യും. ക്രിസ്തുവിലേക്ക് നയിക്കപ്പെടേ അവിശ്വാസികളെ നൽകുകയും ഹൗസ്ചർച്ചിന്റെ ശിഷ്യഗണത്തിൽ അവർ ചേർക്കപ്പെടുകയും ചെയ്യും.

ഹൗസ് ചർച്ച് ആരംഭിക്കുന്ന ഒരു വ്യക്തി അറിഞ്ഞിരിക്കേ ചില വസ്തുതകള്ള്. അതിൽ കടന്നുവരുന്ന അംഗങ്ങൾ നമ്മിൽ സഹവർത്തിത്തം പുലർത്താനും, പരസ്പരം അറിയാനും, ആത്മീക ഐക്യത്തിൽ ഒന്നുചേരാനും കാലതാമസം ഉായിരിക്കുമെന്ന് സഭാനടത്തിപ്പുകാരൻ അറിഞ്ഞിരിക്കണം. വളർച്ചയുടെ വഴിയിലെ ഒരു ശോധനയായി ഇതിനെ കാണാം. പാരമ്പര്യസഭകളിൽനിന്നും കടന്നു വരുന്ന പലർക്കും, ഹൗസ് ചർച്ചിലെ വ്യക്തികളുടെ പങ്കാളിത്തം, വചനപരമായ നേതൃത്വം, മൂപ്പന്മാരുടെ ഇടപെടൽ, പരിശുദ്ധാത്മാവിന്റെ നേതൃത്വവും കൃപയും, അത്മിക അന്തരീക്ഷം മുതലായവ വളരെ വിചിത്രമായി തോന്നിയേക്കാം. വചനപഠനം, ഒരാൾ നയിക്കുന്ന ആരാധന, തയ്യാറാക്കപ്പെട്ട ഉപദേശം പങ്കുവക്കൽ, സംയുക്തപ്രാർത്ഥന, കൂട്ടായ്മ, ഭക്ഷണം ഇതാണ് പാരമ്പര്യസഭയുടെ ആരാധന ക്രമം. എന്നാൽ ഹൗസ് ചർച്ചിന്റെ ക്രമം തികച്ചും വ്യത്യസ്തമാണ്. കൂട്ടായ പഠനം, ദൈവത്തിൽനിന്നും എന്തെങ്കിലും പ്രാപിക്കുവാൻ നടത്തിപ്പുകാരൻ പ്രേരിപ്പിക്കും, തുടർന്നു എല്ലാവരും പങ്കുചേർന്നുള്ള അത്മീക അന്തരീക്ഷത്തിലുള്ള ഒരാത്മികയാത്ര!

ഹൗസ് ചർച്ചിന്റെ ആരാധന ഓരോആഴ്ചയും വ്യത്യസ്തഭവനങ്ങളിൽ നടത്തപ്പെടുകയോ, ഓരോ ആഴ്ചയും ഒരു ഭവനത്തിൽ തന്നെ നടത്തപ്പെടുകയോ ചെയ്യുന്നു. അനുകൂലമായ അന്തരീക്ഷ സ്ഥിതിയാണെങ്കിൽ വെളിമ്പ്രദേശങ്ങളിലും ആരാധനയുടെ വേദി ഒരുങ്ങും. കൂട്ടായ്മ, ഞായറാഴ്ച ആയിരിക്കണമെന്നില്ല, അംഗങ്ങളുടെ സൗകര്യപ്രദമായ ദിവസങ്ങളിൽ ആയിരിക്കും. ചെറിയ കൂട്ടങ്ങൾ, അതായത് പന്ത്രണ്ട് പേരിൽ കൂടാത്ത അംഗസംഖ്യയുള്ള കൂട്ടായ്മകളായിരിക്കും കാമ്യം.

## പാരമ്പര്യ സഭയിൽനിന്നും ഹൗസ് ചർച്ചിലേക്കു എങ്ങിനെ മാറാം
## (How to Transition from Institution to House Church)

ഈ പുസ്തകം വായിക്കുന്ന ഇടയന്മാരിൽ സിംഹഭാഗവും പരമ്പര്യ സഭയുടെ ചട്ടക്കൂട്ടിൽനിന്ന് പ്രവർത്തിക്കുന്നവരായിരിക്കാം, ഇതുവായിക്കുന്ന നിങ്ങളും അവരിൽ ഒരാളായിരിക്കാം. ഞാൻ വിവരിക്കുന്ന ഈ സഭയെ അംഗീകരിക്കാനും അതിനോടു യോജിച്ചുപോകാനും നിങ്ങളുടെ ഉള്ളിൽ പ്രചോദനം ലഭിക്കുന്നുായിരിക്കാം, പക്ഷെ ഒരു പരിവർത്തനം എങ്ങനെ സാദ്ധ്യമാകുമെന്ന് നിങ്ങൾ ഭയപ്പെട്ടേക്കാം. നിങ്ങൾ കൂടുതൽ സമയം എടുത്ത് ചിന്തിച്ച് തീരുമാനമെടുത്താൽ മതിയാകും. വചനത്തിന്റെ സത്യങ്ങളെ പഠിപ്പിച്ചുകൊ് ആരംഭിക്കാം, യേശുവിന്റെ കല്പനകളെ അനുസരിച്ച് നിലനില്ക്കുന്ന ഒരുകൂട്ടംശിഷ്യന്മാരെ, നിങ്ങൾ ഇപ്പോൾ ആയിരിക്കുന്ന ചട്ടങ്ങളിൽ ഒതുങ്ങിനിന്നുകൊുതന്നെ, അതിനായി പ്രവർത്തിക്കാം. വചനാടിസ്ഥാനത്തിലുള്ള ഒരു സഭക്കുവേി സത്യം മനസ്സിലാക്കിയ ഈ ശിഷ്യന്മാർ മുന്നിട്ടിറങ്ങി പ്രവർത്തനം തുടങ്ങും. കോലാടുകളും, മതവിശ്വാസികളും ഈ പരിവർത്തനത്തെ എതിർക്കും.

രാമതായി, ഈ വിഷയത്തെക്കുറിച്ച് വചനം എന്തുപറയുന്നു എന്ന് സ്വയം പഠിക്കുക. ഹൗസ് ചർച്ചിന്റെ ഘടനയേയും അനുഗ്രഹങ്ങളേയും കുറിച്ച് പഠിച്ചശേഷം നിങ്ങളുടെ കൂട്ടായ്മകളിൽ പഠിപ്പിക്കുക. ദേവാലയത്തിൽ നടത്തപ്പെടുന്ന ഇടദിനകൂട്ടായ്മകളും, ഞായറാഴ്ച സായഹനകൂട്ടായ്മകളും നിർത്തൽ ചെയ്തിട്ട് പകരം ആഴ്ചതോരും പക്വതയുള്ള വിശ്വാസികളുടെ നേതൃത്വത്തിൽ കുടുംബങ്ങളിൽ സെൽ മീറ്റിംഗുകൾ ആരംഭിക്കുക. എല്ലാവരോടും പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുക. ബൈബിളിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള ഹൗസ്ചർച്ച് മാതൃകയിൽ ഈ കൂട്ടായ്മയെ വളർത്തിക്കൊുവരിക. പങ്കെടുക്കുന്ന എല്ലാവർക്കും ക്രമേണ ഈ ചെറിയ ഗ്രൂപ്പിൽനിന്ന് അനുഗ്രഹങ്ങൾ ലഭിക്കുന്നതിന് സാവകാശം നൽകുക.

ഭവനകൂട്ടായ്മയിൽ ജനം കൂടുതൽ സന്തോഷം അനുഭവിച്ചു തുടങ്ങുമ്പോൾതന്നെ, തുടർന്നു വരുന്ന മാസത്തിൽ ഒരു ഞയറാഴ്ച കൂട്ടായ്മ ഭവനത്തിൽ കൂടുമെന്ന് അറിയിക്കുക. ആ ഞായറാഴ്ച

ആലയത്തിൽ ആരാധന ഉായിരിക്കരുത്, ഭവനകൂട്ടായ്മയിൽ ആലയത്തിൽ ന ടത്തുന്നപോലെയുള്ള ആരാധന ഭവനത്തിൽ നടത്തുക. അതായത് ഒന്നിച്ച് ഭക്ഷണം, തിരുന്നത്താഴം, കൂട്ടായ്മ, പ്രാർത്ഥന, ആരാധന, ഉപദേശം പ ങ്കുവെക്കൽ, ആത്മിക വിവരങ്ങൾ പങ്കുവെക്കൽ ഇവയെല്ലാം ഉായിരിക്കണം. ഇത് വിജയിച്ചു എന്നുകാൽ മാസത്തിൽ ഒരു ഞയറാഴ്ച ഭവനത്തിൽ ആരാധന കൂടാം, തുടർന്നു മാസത്തിൽ ര് ഞായറാഴ്ച, തുടർന്നു മൂന്ന് ഞയറാഴ്ച, അവസാനം എല്ലാ ഞായറാഴ്ചകളിലും ഭവനത്തിൽ ആരാധന തുടരാം. ഇത് ക്രമേണ വളർന്നുവികസിച്ച് പൂർണ്ണ സ്വാതന്ത്ര്യമുള്ള ഹൗസ്ചർച്ച് ആയി രൂപാന്തരപ്പെടും. രൂമാസത്തിൽ ഒരിക്കൽ ഈ ഹൗസ്ചർച്ചുകൾ എല്ലാം ഒന്നിച്ചുകൂടി വലിയ ഒരു സംഘമായി ആരാധിക്കുന്നതും നന്നായിരിക്കും.

ഇങ്ങനെ പൂർണ്ണമായും പക്വതയുള്ള ഒരു പരിവർത്തനം ലഭിക്കാൻ ഒന്ന്, ര് വർഷങ്ങൾ വേിവരും.

അല്പംകൂടി ജാഗ്രതയോടെ ഇതിനെ നോക്കിക്കാണുമ്പോൾ, നിങ്ങളുടെ പ്രിയപ്പെട്ട അംഗങ്ങളെമാത്രം കൂട്ടി നിങ്ങൾ നയിക്കുന്ന ഒരു ഭവന കൂട്ടായ്മയായി ഇതിനെ പരിപാലിക്കാവുന്നതാണ് (ഇത് ഞായറാഴ്ച രാവിലെത്തന്നെ കൂടണമെന്നില്ല. ഇതൊരു പരീക്ഷണമായി ആരംഭിച്ച് ഒരനുഭവമാക്കി വളർത്താൻ കഴിയും).

ഇത് വിജയിച്ചാൽ, ഒരു മേൽവിചാരകനെ നിയമിച്ച്, ഇതിനെ ഒരു സ്വതന്ത്രസഭയാക്കി, മാസത്തിൽ ഒരു ഞായറാഴ്ച മാത്രം പാരമ്പര്യ മാതൃസഭയോടു ചേർന്നു കൂട്ടായ്മ ആചരിക്കാൻ അവസരം നൽകിയാൽ മതിയാകും. അപ്പോഴും ഈ സഭ മാതൃസഭയുടെ ഒരു ഭാഗമായിരിക്കും. തന്മൂലം മാതൃസഭയിലുള്ളവർ ഇതിനോടുവിദ്വേഷം കാണിക്കുകയില്ല. മാതൃസഭയുടെ ഒരു സഹോദരസഭയായി മാത്രമേ ഇതിനെ കണക്കാക്കുകയുള്ളൂ.

ആദ്യത്തെ ഗ്രൂപ്പ് വളരുമ്പോൾ അതിനെ വിഭജിച്ച് കൃപാവരങ്ങളുള്ള നല്ല നേതാക്കളുടെ ചുമതലയിൽ ഏല്പിക്കുക. ഇരു ഗ്രൂപ്പുകളും മാസത്തിൽ ഒരിക്കലോ, മൂന്നുമാസത്തിൽ ഒരിക്കലോ ഒന്നിച്ചുകൂടി ആരാധിക്കുക.

സന്തോഷത്തിന്റെ നാളുകൾ മാത്രം മുന്നിൽ കാണരുത്, ദുഃഖങ്ങൾ ഉായാലും നിങ്ങളുടെ കണ്ണുകൾ ലക്ഷ്യസ്ഥാനത്തുനിന്നു വ്യതിചലിക്കരുത്. ജനത്തിൽനിന്നും പ്രശ്നങ്ങൾ പ്രതീക്ഷിക്കാം. എന്നാൻ നിങ്ങളുടെ ലക്ഷ്യം ഉപേക്ഷിക്കരുത്.

നിങ്ങളുടെ പാരമ്പര്യസഭയിൽനിന്നും ഓരോരുത്തരും ഹൗസ് ചർച്ചിലേക്ക് പരിവർത്തനം ചെയ്യപ്പെടുമ്പോൾ മാതൃസഭയെ വിട്ടിട്ട് നിങ്ങളുടെ സ്ഥാനവും നിലനില്പും ഹൗസ് ചർച്ചിൽ വേണമോ, ഹൗസ്

ചർച്ചുകളുടെ ഗ്രൂപ്പിൽ വേണമോ, ഏതു തിരഞ്ഞെടുക്കണമെന്ന് ബന്ധപ്പെടുമ്പോൾ കരുതുക, ആ ദിനം നിങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ളതാണ്.

## ഒരു മാതൃക സഭ
## (The Ideal Church)

ദൈവത്തിന്റെ ദൃഷ്ടിയിൽ ആരാണ് ശ്രേഷ്ടൻ - അനേകം വിശ്വാസികളും അനേകം കെട്ടിടങ്ങളും ഉള്ള ഒരു വലിയ സഭയുടെ ഇടയനേക്കാൾ ഒരു ഹൗസ് ചർച്ചിന്റെ ഇടയൻ ദൈവത്തിന്റെ ദൃഷ്ടിയിൽ ശ്രേഷ്ടനാണോ? തീർച്ചയായും, ആചാരം പോലെ ആരാധന നടത്തി ആടുകളെ പാലിക്കാതെ, യേശു ചെയ്തതുപോലെ അനുസരണയുള്ള ശിഷ്യന്മാരേയും ശിഷ്യന്മാരെ നേടുന്ന ഒരു ശിഷ്യവൃന്ദത്തെയും തന്റെ ശുശ്രൂഷയിൽ വാർത്തെടുക്കാൻ കഴിഞ്ഞാൽ അങ്ങനെയുള്ള ഹൗസ് ചർച്ചിന്റെ ഇടയൻ മെഗാ ചർച്ചിന്റെ ഇടയനേക്കാൾ ഉത്തമനാണ്.

ഒരു ഹൗസ് ചർച്ചിന്റെ മാതൃകയെ പിൻതുടരുന്ന ഒരു ഇടയൻ ഒരു വലിയ സഭാശുശ്രൂഷകനാകാൻ ആഗ്രഹിക്കുകയില്ല. കാലക്രമത്തിൽ, തന്റെ ശിഷ്യന്മാർ മററനേകം ശിഷ്യന്മാരെ നേടുന്നതുകൊ് തുടർന്നും ഫലം പുറപ്പെടുവിക്കയും അത് എന്നന്നേക്കും നിലനില്ക്കുകയും ചെയ്യും. നാല്പത്-അമ്പത് വിശ്വാസികളുള്ള ചെറിയ സഭയിലെ അനേകം പാസ്റ്റർമാർ വീും അംഗങ്ങൾ കൂടാൻ വേി പ്രാർത്ഥിക്കുകയാണ്. ഇപ്പോൾത്തന്നെ അവരുടെ സഭയിലെ വിശ്വാസികളുടെ എണ്ണം കൂടുതലാണ്. ഇവർ ചേയ്യേതെന്താണ്, വലിയ സഭാഹാളുകൾക്കും, കെട്ടിടങ്ങൾക്കും വേിയുള്ള പ്രാർത്ഥന തല്കാലം നിർത്തി, പുതിയ ര് ഹൗസ് ചർച്ചിനെ നയിക്കുവാൻ പ്രാപ്തിയുള്ളവരെ ലഭിക്കുവാൻ വേി പ്രാർത്ഥിക്കണം (ഇത് സംഭവിച്ചു കഴിയുമ്പോൾ, പുതുതായി ഉാകുന്ന ഇടവകക്ക് നിങ്ങളുടെ സഭയുടെ പേര് കൊടുക്കുകയോ നിങ്ങൾ ബിഷോപ്പ് എന്ന പദവി സ്വീകരിക്കുകയോ ചെയ്യരുത്). സഭയുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ വലുത് നല്ലതാണ് എന്ന ധാരണ ഒഴിവാക്കണം. ശിഷ്യന്മാരല്ലാത്ത ആയിരക്കണക്കിന് ആളുകൾ വൻ കെട്ടിടങ്ങളിൽ കൂട്ടായ്മക്ക് കൂടിവരുന്നതിൽ വലിയ അർത്ഥമില്ല. ആധുനിക പാരമ്പര്യ സഭയെ ആദിമ അപ്പോസ്തലന്മാർ സന്ദർശിച്ചാൽ, അവർ തീർച്ചയായും ഈർഷ്യയോടു പൊരുത്തക്കേട് പ്രകടിപ്പിക്കുന്ന രീതിയിൽ തല ചൊറിയുക തന്നെ ചെയ്യും!

## അന്തിമ വിലക്ക്
## (A Final Objection)

ക്രിസ്തുമതം പ്രചരിക്കപ്പെട്ട പാശ്ചാത്യരാജ്യങ്ങളിൽ ഭവന ആരാധന സംവിധാനം അംഗീകരിക്കപ്പെടില്ല.. പാരമ്പര്യ ആരാധന സംവിധാനം തന്നെ അനിവാര്യമെന്ന് അവർ ശഠിക്കും.

ഒന്നാമതായി, ഹൗസ്ചർച്ച് പ്രസ്താനം പാശ്ചാത്യരാജ്യങ്ങളിൽ അതിവേഗം വളർച്ച പ്രാപിച്ചുകൊിരിക്കുന്നു എന്നത് ശരിയല്ലായെന്ന് തെളിയിക്കപ്പെടുന്നു.

രാമതായി, കൂട്ടായ്മക്കും, ഭക്ഷണത്തിനും, വചന പഠനത്തിനുമായി അനേകർ സന്തോഷത്തോടെ ഭവനത്തിൽ ഒന്നിച്ചുകൂടുന്നു എന്നാൽ ഭവന ത്തിൽ ഒരുസഭ എന്ന ആശയത്തോടു പൊരുത്തപ്പെട്ടുപോകുവാൻ അവർക്ക് കഴിയുന്നില്ല.

മൂന്നാമതായി, ആത്മീക കോലാടുകൾ ഹൗസ്ചർച്ച് എന്ന ആശയത്തോട് ഒരിക്കലും പൊരുത്തപ്പെടില്ല. അവരുടെ അയൽക്കാർക്ക് വിചിത്രമെന്ന് തോന്നിപ്പിക്കുന്ന യാതൊന്നിനോടും അവർ പൊരുത്തപ്പെടുക യില്ല. എന്നാൽ വചനത്തിന്റെ ആഴങ്ങളെ ഗ്രഹിച്ച യേശുവിന്റെ യഥാർത്ഥ ശിഷ്യന്മാർ ഹൗസ് ചർച്ച് എന്ന ആശയത്തോടു പൂർണ്ണമായും യോജിക്കുന്നു. ശിഷ്യത്വത്തിന്റെ രൂപികരണത്തിന് വമ്പിച്ച ആലയങ്ങളുടെ അർത്ഥശൂന്യത അവർ മനസ്സിലാക്കുന്നു. തടി, വയ്ക്കോൽ, കച്ചി, ഇവകൊ് നിങ്ങൾ ഒരു വലിയ ആലയം പണിയുന്നു എങ്കിൽ (1 കോരി 3:12), അത് വലിയ ആലയമാകും പക്ഷേ തീയാൽ ശോധന ചെയ്യപ്പെടുമ്പോൾ വെ ന്തുവെണ്ണീറായിപ്പോകും. എന്നാൽ സ്വർണ്ണം, വെള്ളി, വിലപ്പെട്ട മുത്ത്, ഇവകൊ് ശിഷ്യന്മാരെയും, ശിഷ്യന്മാരെ വാർത്തെടുക്കാൻ കെല്പുള്ള ശിഷ്യന്മാരെയും കൊ് യേശുവിന്റെ സഭ പണയുന്നുവെങ്കിൽ നിങ്ങളുടെ അദ്ധ്വാനവും, ഊർജ്ജവും വൃഥാ ആകുകയില്ല.

വീും ജറുസലേമിലേക്ക് (ആമരസ ീ ഖല്യൗമെഹലാ) എന്ന ചൈനയിലെ ഹൗസ് ചർച്ച് പ്രസ്താനം, ലോകത്തിന്റെ സ്വദേശീയ സുവിശേഷ പ്രസ്താനം പോലെ, നാല്പതിൽ പത്ത് ഭവനങ്ങളും സുവിശേഷത്തിലൂടെ ക്രിസ്തുവിനായി നേടപ്പെട്ടുകൊിരിക്കുന്നു. അവർ ചർച്ചുകൾ പണിയുന്നതിൽ ലേശം പോലും താത്പര്യം പ്രകടിപ്പിക്കുന്നില്ല. ഇത് സുവിശേഷം വേഗത്തിൽ പ്രചരിപ്പിക്കുവാനും, സുവിശേഷശുശ്രൂഷക്ക് ആവശ്യമായ സ്രോതസ്സുകൾ കത്തെുവാനും കഴിയുമെന്നും അവർ വിശ്വസിക്കുന്നു.[22] തീർച്ചയായും ഇത് വളരെ ബുദ്ധിപരമായ, പിൻപറ്റാൻ ഉചിതമായ, ഒരു ഉദാഹരണം തന്നെ.

[22]. പോൾ ഹാത്തവേ, വീും യറുശലേമിലേക്ക് (കാർലിസിൽ: പിക്വാൻന്റ് 2003), പേജ് 58.